# അടിസ്ഥാനപാഠാവലി

**കേരളസർക്കാർ**
**വിദ്യാഭ്യാസവകുപ്പ്**

---

**തയാറാക്കിയത്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2010**

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

***Prepared by*** :

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 12, Kerala
*Website* www.scertkerala.gov.in
*e-mail* scertkerala@asianetindia.com
Phone : 0471 - 2341883, Fax: 0471 - 2341869
First Edition 2010
Typesetting : SCERT Computer Lab
© Government of Kerala • Department of Education

പ്രിയ വിദ്യാർഥികളേ,

വിദ്യാഭ്യാസപ്രക്രിയയിൽ മാതൃഭാഷാപഠനത്തിനുള്ള പ്രാധാന്യം അനുദിനം വർധിച്ചുവരികയാണ്. വ്യക്തിത്വവികാസത്തിനും ബുദ്ധിവളർച്ചയ്ക്കുമെല്ലാം കാര്യക്ഷമമായ മാതൃഭാഷാപഠനം അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. അതിനാൽ  മാതൃഭാഷാപഠനത്തിൽ കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും വേണം.

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വിവിധ തലങ്ങൾ സ്പർശിക്കുന്ന രചനകൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചിന്തിക്കാനും അപ ഗ്രഥിക്കാനും ഭാവനചെയ്യാനും ആവിഷ്കരിക്കാനും മാതൃഭാഷാപഠനം സഹാ യകമാവും. വൈവിധ്യമാർന്ന ഭാഷാവ്യവഹാരങ്ങളിൽ ഏർപ്പെട്ടുകൊണ്ട് ഭാഷാ പ്രയോഗത്തിൽ മികവ് നേടാം.

കൂടുതൽ വായനാനുഭവങ്ങൾ നേടാൻ ഈ പാഠപുസ്തകം പ്രചോദകമാവു മെന്നു വിശ്വസിക്കുന്നു. വായനയിലൂടെയും ചിന്തയിലൂടെയും നവലോകം സൃഷ്ടിക്കാൻ നമുക്ക് മുന്നേറാം.

സ്നേഹാശംസകളോടെ,

**പ്രൊഫ. എം.എ. ഖാദർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക സമിതി

**അഡ്വൈസർ** : കെ.പി. ശങ്കരൻ, പ്രൊഫസർ (റിട്ട.) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ (എൻ.സി.ഇ.ആർ.ടി), മൈസൂർ.

**ചെയർമാൻ** : ഡോ. ഡി. ബഞ്ചമിൻ, പ്രൊഫസർ & ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് (റിട്ട.) കേരള സർവകലാശാല.

### അംഗങ്ങൾ

പി. നാരായണമേനോൻ
പ്രൊഫസർ (റിട്ട.) കേരളവർമ കോളേജ്, തൃശ്ശൂർ.
ഡോ. പി. സത്യനേശൻ
അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.) എസ്.സി.ഇ.ആർ.ടി.
ഡോ. കെ.എസ്. രവികുമാർ
റീഡർ, എം.ജി.കോളേജ്, തിരുവനന്തപുരം.
സാബു കോട്ടുക്കൽ
ലക്ചറർ, ഗവൺമെന്റ് കോളേജ് മടപ്പള്ളി.
ഡോ. അജയപുരം ജ്യോതിഷ്കുമാർ
ലക്ചറർ, എം.ജി.കോളേജ്, തിരുവനന്തപുരം.
ഡോ. പി.എസ്. ശ്രീകല
ലക്ചറർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
ഡോ. എം. ബാലൻ
ലക്ചറർ, ഡയറ്റ്, കണ്ണൂർ.
പി. പ്രേമചന്ദ്രൻ
ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂൾ, പയ്യന്നൂർ.
ഉമ്മർ ടി. കെ
ടാഗോർ വിദ്യാനികേതൻ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, തളിപ്പറമ്പ്.
എൻ. ബൈജു
ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, നാവായിക്കുളം.
ജിനേഷ്കുമാർ എരമം
ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, കൊട്ടില.
പി. യഹിയ
ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, പയ്യാനക്കൽ.
കെ.വി. മോഹനൻ
ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മഞ്ചേരി.
മടവൂർ ശശി
ടീച്ചർ (റിട്ട.) ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, തൈക്കാട്.
സംഗീത കെ.കെ.പി.
ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, ചെറുതുരുത്തി.
ഡോ. ജോബിൻ ജോസ്
ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മൂലമറ്റം.
പി. ബഷീർ
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.
ഡോ. സി. ഭാമിനി
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**അക്കാദമിക് കോഡിനേറ്റർ** : ഡോ. പി.കെ. തിലക്, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

### ചിത്രകാരന്മാർ

• മദനൻ, ആർട്ട് എഡിറ്റർ, മാതൃഭൂമി. • കെ. ഷരീഫ്, ആർട്ടിസ്റ്റ്, മാതൃഭൂമി. • ദേവപ്രകാശ്, ആർട്ടിസ്റ്റ്, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. • പി. രമേശൻ, ഇരിങ്ങന്നൂർ ഹയർ സെക്കന്ററി സ്കൂൾ.

### വിദഗ്ധസമിതി

ഒ.എൻ.വി. കുറുപ്പ്, പ്രൊഫസർ & ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് (റിട്ട.), ഗവൺമെന്റ് വിമൻസ് കോളേജ്, തിരുവനന്തപുരം.
സുന്ദരം ധനുവച്ചപുരം, പ്രിൻസിപ്പൽ (റിട്ട.) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
വി. മധുസൂദനൻ നായർ, പ്രൊഫസർ (റിട്ട.) സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ, തിരുവനന്തപുരം.
ഡോ. ബി.വി. ശശികുമാർ, റീഡർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
ഡോ. കെ.എ. വാസുക്കുട്ടൻ, പ്രൊഫസർ (റിട്ട.) ഗവൺമെന്റ് വിമൻസ് കോളേജ്, തിരുവനന്തപുരം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം

പേജ്

1. **അന്നവിചാരം മുന്നവിചാരം** ............................................07
അന്നവിചാരം ............................................ 08
മോരിന്റെ പര്യായം ............................................ 10
അന്നം ............................................ 13

2. **മണ്ടിമണ്ടിക്കരേറുന്നു മോഹവും** ............................................ 15
കൊച്ചുകൊച്ചു മോഹങ്ങൾ ............................................ 16
സമുദായങ്ങൾക്ക് ചിലതു ചെയ്യുവാനുണ്ട് ............................................23
വീഡിയോമരണം ............................................24
ഗുരുകുലം ............................................ 26

3. **മനസ്സും ശരീരവും** ............................................33
ചെറുപ്പം നിലനിർത്തുന്ന സൂത്രം ............................................ 34
യാദവനാശം ............................................39
സ്നേഹപൂർവം അമ്മ ............................................ 41

# മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് -**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# പദപരിചയം

| | |
|---|---|
| **അ**ധോലോകം | - പുറമേ കാണാത്ത ലോകം, ദുർവൃത്തന്മാരുടെ സ്ഥലം സൂചിപ്പിക്കുന്നു (under world) |
| അവഗണിക്കുക | - കണക്കാക്കാതിരിക്കുക (x പരിഗണിക്കുക) |
| അസ്തിത്വം | - ഉൺമ, നിലനിൽപ്പ് |
| അനവരതം | - തുടർച്ചയായി |
| അന്തേവാസി | - ഉള്ളിൽ വസിക്കുന്നവൻ, താമസക്കാരൻ, ശിഷ്യൻ |
| അന്യഥാ ചിന്തിതം കാര്യം | - മറ്റൊരു വിധം ചിന്തിച്ച കാര്യം (അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേത്-നാം ഒരു തരത്തിൽ ചിന്തിക്കുന്നു; ദൈവം മറിച്ചും) |
| അന്നം | - ആഹാരം |
| അന്നാദ് ഭവന്തി ഭൂതാനി | - അന്നത്തിൽ നിന്നു ഭൂതങ്ങൾ (ജീവജാലങ്ങൾ) ഉണ്ടാകുന്നു (അന്നാദ് + ഹി + ഏവ എന്നും ഖലു + ഇമാനി എന്നും പദം മുറിയുന്നു. അന്നത്തിൽ നിന്നു തന്നെയാണല്ലോ ഈ ജീവജാലങ്ങൾ ജനിക്കുന്നത്; ജനിച്ചവ അന്നത്താൽ ജീവിക്കയും ചെയ്യുന്നു.) |
| അപാകത, അപാകം | - പാകം തെറ്റിയ നില |
| അവമാനന | - അവമാനിക്കൽ |
| ആപ്തവാക്യം | - മഹദ്വചനം, യുഗപുരുഷന്മാർ പറഞ്ഞുവെച്ചിട്ടുള്ള വാക്യം |
| ആയുധചഞ്ചുക്കൾ | - ആയുധം പോലെയുള്ള ചഞ്ചുക്കളോടുകൂടിയവർ, വായാടികൾ, ആയുധരൂപത്തിലുള്ള ചഞ്ചുക്കളോടു കൂടിയവർ. ചഞ്ചു - കൊക്ക്, ചുണ്ട് |
| ആരണൻ | - ബ്രാഹ്മണൻ |
| ആരണശാപം | - ബ്രാഹ്മണന്റെ ശാപം |
| ആർഭാടം | - പകിട്ടുകാട്ടൽ, ആഡംബരവും ധാരാളിത്തവും |
| ആസകലം | - മുഴുവനും, പൂർണമായും |
| ആഹവം | - യുദ്ധം |
| ഇച്ഛാശക്തി | - ഇച്ഛിക്കാനുള്ള ശക്തി, will power എന്ന അർഥത്തിൽ പ്രയോഗിക്കുന്നു. |
| ഇണ്ടൽ | - ദുഃഖം |
| ഈറ | - കോപം |
| ഉത്തമശ്ലോകൻ | - ഉത്തമമായ കീർത്തിയുള്ളവൻ |
| ഉന്മാദം | - ഭ്രാന്ത് |
| ഉപനിഷദ്വാക്യം | - ഉപനിഷത്തിലെ വാക്യം (ഉപനിഷത് + വാക്യം) |
| ഉള്ളൂരി | - ഉള്ളിൽ നിന്ന് ഊരുന്നത് - പാളയുടെ അകത്ത് പാടപോലെയുള്ള പൊളിര് |
| ഏരകപ്പുല്ല് | - കടൽപ്പുല്ല്, എയ്യം പുല്ല്, ഏരകപ്പുല്ലു നടുക - കലഹബീജം വിതയ്ക്കുക (ശൈലി) |
| ഒച്ചപ്പെടാതെ | - ഒച്ചകൂടാതെ |
| ഓല | - ശീട്ട്, കുറിപ്പ്, എഴുത്തോല |
| കണ്ണുപുളിക്കുക | - കാഴ്ചയ്ക്ക് അസ്വാസ്ഥ്യത അനുഭവപ്പെടുക |
| കന്നി | - ആദ്യത്തേത്, കന്യക, ഒരുമാസത്തിന്റെ പേര് |
| കമ്പം | - ഇളക്കം, അതിയായ താൽപര്യം |

കർണകഠോരം - കർണങ്ങൾക്കു കഠോരമായത്
(ചെവിക്ക് കഠിനമായി അനുഭവപ്പെടുന്നത്)
കർമം - പ്രവൃത്തി
കള്ളി വെളിച്ചത്താവുക
- സത്യം പുറത്തറിയുക (ശൈലി)
കാലാലെ - കാലുകൊണ്ട്
കുമ്പ - കുടവയർ, കുംഭംപോലുള്ള (കുടംപോലുള്ള) വയർ
കൂശാതെ - കൂസാതെ, മടികൂടാതെ, വകവയ്ക്കാതെ
കൗടല്യൻ - ചാണക്യൻ, കുടലഗോത്രത്തിൽ ജനിച്ചവൻ (കൗടല്യൻ)
ചണകന്റെ മകൻ(ചാണക്യൻ)
ക്ഷണനേരം - അൽപനേരം
ക്ഷിപ്രപ്രയാണം - വേഗത്തിലുള്ള യാത്ര
ക്രൗര്യം - ക്രൂരഭാവം
ഖണ്ഡശഃ - ഖണ്ഡം ഖണ്ഡമായി, ഘട്ടം ഘട്ടമായി
ഗജം - വാര, പണ്ടത്തെ ഒരളവ് (ഒരു മീറ്ററിന് അൽപം താഴെ), ആന
ഗൂഢശക്തി - രഹസ്യശക്തി
ഘോഷം - ഉച്ചത്തിലുള്ള ശബ്ദം
ചുടല - ശ്മശാനം, ശവം ദഹിപ്പിക്കുന്ന ഇടം
ചെവികൊടുക്കുക - ശ്രദ്ധിക്കുക (ശൈലി)
ജഗദ്ഭക്ഷകൻ - ജഗത്തിനെ ഭക്ഷിക്കുന്നവൻ; കാലം ലോകത്തെ ഭക്ഷിക്കുന്നുവെന്ന് സങ്കൽപം
തടി - ശരീരം
തട്ടകം - നിശ്ചിതമായ മണ്ഡലം (കാവിലമ്മയുടെ തട്ടകം - ഭഗവതിയുടെ രക്ഷാധികാരം പ്രവർത്തിക്കുന്ന മേഖല)
തൺമ - തണുപ്പ്, താഴ്ച (തൺ+മ), (വെൺമ-വെൺ+മ; നന്മ-നല്+മ)
തദനുസരണമായ - അതിനനുസരിച്ചുള്ള
തന്മൂലം - അതുകാരണം (തത്+മൂലം)
തിട്ടം - നിശ്ചയം
തുച്ഛം - നിസ്സാരം
തേജഃപുഞ്ജം - പ്രകാശം ഉരുണ്ടുകൂടിയത്(തേജസ്സിന്റെ പുഞ്ജം-കട്ട)
ത്യജിക്കുക - ഉപേക്ഷിക്കുക
ദുർഭിക്ഷം - ദാരിദ്ര്യം, കുറവ്
ദുസ്സഹം - സഹിക്കാൻ വിഷമമുള്ളത്
ദൈവസൂക്തം - ദൈവത്തിന്റെ ഹിതവചനം (സു+ ഉക്തം = സൂക്തം)
നിരാഡംബരം - ആഡംബരം കൂടാതെ
നിർഘൃണർ - ദയയില്ലാത്തവർ, ഘൃണ - ദയ
നിരോധിക്കുക - തടയുക, തടുക്കുക
നിഷ്ഠുരഭാഷണം - കഠോരമായ ഭാഷണം, ദുർഭാഷണം
(നിഷ്ഠുരം എന്നു ഹ്രസ്വം മതി; നിഷ്ഠൂരം എന്നു ദീർഘിപ്പിന്നതു തെറ്റ്)
നീരസം - മുഷിച്ചിൽ, വിരോധം (രസമില്ലാത്ത- നിഃ+ രസം)
പക്ഷം - ഭാഗം, ചിറക്, പതിനഞ്ചുദിവസം കൂടിയ കാലം (വെളുത്ത പക്ഷം, കറുത്ത പക്ഷം)
പരിഭ്രമം - വേവലാതി
പരോപകാരാർഥം - മറ്റുള്ളവർക്ക് ഉപകാരത്തിനുവേണ്ടി
പശ്ചാത്തപിക്കുക - പിന്നീട് ദുഃഖിക്കുക
പാപ്പർ - പൊളിഞ്ഞ, ഗതിയില്ലാതായ (Pauper എന്ന പദത്തിനു തൽസമമായി സ്വീകരിച്ചത്)

| | |
|---|---|
| പുലമ്പൽ | - അർഥമില്ലാത്ത വിളിച്ചു പറയൽ |
| പൂകി | - പ്രവേശിച്ചു |
| പൂതി | - ആഗ്രഹം |
| പൈശാചികം | - പിശാചിനെ സംബന്ധിച്ച (ഭീകരം) |
| പൊല്ലാപ്പ് | - ഉപദ്രവം |
| പ്രവരൻ | - ശ്രേഷ്ഠൻ, സമർഥൻ |
| ഭോഷ്ക് | - മണ്ടത്തരം |
| ബഹുസാധാരണം | - വളരെ സാധാരണം |
| ബാഹുകദിനം | - ബാഹുകന്റെ ദിവസം (നളൻ പാചകക്കാരനായി ബാഹുകൻ എന്ന പേരിൽ കഴിച്ചുകൂട്ടിയ കാലം) |
| മടയുക | - വല്ലാതെ അധ്വാനിക്കുക (മടഞ്ഞു മടുത്തു) |
| മട്ട് | - രീതി, ശീലം |
| മയ്യത്തായി | - ശവമായി |
| മലിനൻ | - മാലിന്യമുള്ളവൻ |
| മഹാമനസ്ക | - മഹത്തായ മനസ്സുള്ളവൾ |
| മാരണം | - നാശം |
| മിഥ്യ | - കള്ളം, തെറ്റ്, അസത്യം |
| മേദിനി | - ഭൂമി |
| മോന്തുക | - കുടിക്കുക |
| വാട | - ദുഷിച്ച മണം (ദുർഗന്ധം) |
| വിതാനം | - തലം, അലങ്കാരം |
| വിശാരദൻ | - സമർഥൻ |
| വിശ്രമവിധേയൻ | - വിശ്രമത്തിന് അടിമപ്പെട്ടവൻ |
| വിളംബരപ്പെടുത്തുക | - പരസ്യപ്പെടുത്തുക |
| വൈദികകാലം | - വേദകാലം (വൈദികം-വേദത്തെ സംബന്ധിച്ചത്) |
| വൈരി | - ശത്രു |
| വംഗസാഗരം | - ബംഗാൾ ഉൾക്കടൽ |
| സന്മതി | - സൽബുദ്ധി (സത് + മതി) |
| സംസ്കൃതം | - സംസ്കരിക്കപ്പെട്ടത് (സംസ്കരിക്കപ്പെട്ട ഭാഷയാണല്ലോ സംസ്കൃതം) |
| സംസ്തുതം | - സമ്യക്കാവും വണ്ണം സ്തുതം, നന്നായി സ്തുതിക്കപ്പെട്ടത് |
| സഹവാസം | - കൂട്ടുകെട്ട് |
| സാകൂതം | - സ + ആകൂതം - ആകൂതത്തോടെ (സാഭിപ്രായം) ആകൂതം - അഭിപ്രായം |
| സംഭരിക്കുക | - ശേഖരിക്കുക |
| സ്വത്വം | - തനിമ, അവനവന്റേതായ ഭാവം, Identity എന്ന അർഥത്തിൽ |
| ഹരിഹരസുതൻ | - ഹരിയുടെയും ഹരന്റെയും പുത്രൻ (അയ്യപ്പൻ) (വിഷ്ണുവിന്റെയും ശിവന്റെയും പുത്രൻ) |
| ഹാജിൻ | - ഹാജി എന്ന ശബ്ദത്തിന് സംസ്കൃത രീതിയിൽ (സ്വാമി- സ്വാമിൻ) സംബോധന |

# 3 മനസ്സും ശരീരവും

## രോഗി

കടലിന്നപസ്മാരം;
        കാറ്റിന്നോ നിത്യം കാസം;
കുരച്ചു തുപ്പുന്നെങ്ങും
        ക്ഷയരോഗിയാം മേഘം.

മഞ്ഞപ്പിത്തത്താലിന്നു-
        മുഷസ്സിന്നാലസ്യമാം;
മന്നെല്ലാം തകർക്കുന്നൂ
        ചിരിക്കും ഭ്രാന്തൻ മിന്നൽ.

നിശയിൽ വസൂരിയാ-
        ലംബരം ഭയങ്കരം;
നിഴലിൻ മുഖമാകെ
        വികൃതം വെള്ളപ്പാണ്ടാൽ.

അകപ്പെട്ടുപോയ് ഞാനീ-
        ബ്ഭീകരാശുപത്രിയിൽ;
അറിവേൻ ഞാനിന്നതിൽ-
        ജ്ജീവിതമഹാരോഗി.



**ശിഥിലയാമം-ആർ. വിശ്വനാഥൻ**

- ലോകത്തെ ആശുപത്രിയായും ജീവിതത്തെ മഹാരോഗമായും കാണുന്ന കവിസങ്കൽപത്തോടു യോജിക്കാനാവുമോ? ചർച്ചചെയ്യുക.

# ചെറുപ്പം നിലനിർത്തുന്ന സൂത്രം

യു. എ. ഖാദർ

കർമംകൊണ്ട് ആശുപത്രി അന്തേവാസിയായതിനാൽ വേണ്ടിയും വേണ്ടാതെയും തടിയുടെ സുഖവിവരങ്ങൾ പരിശോധിച്ചറിയുവാനുള്ള കമ്പം എനിക്കേറെയാണ്. അതിനുള്ള സൗകര്യം മറ്റു പലരെയും അപേക്ഷിച്ച് എനിക്കു കൂടുതലുണ്ട് എന്നതുകൊണ്ടു സംഭവിക്കുന്ന പൊല്ലാപ്പാണെന്നു കരുതാം.

ഒരുനാൾ ആശുപത്രിയുടെ നാലാം നിലയിൽ ഞാനിരുന്ന് ജോലിചെയ്യുന്നു. മുറിയിൽ എന്റെ ഒരു ചങ്ങാതി കയറിവന്നു. മലയ്ക്കു പോകാൻ മാലയിട്ട് കറുപ്പുടുത്ത കന്നിഅയ്യപ്പനായിരുന്നു കക്ഷി. നന്നേ പുലർച്ചെ ഏഴര വെളുപ്പിനുള്ള എഴുന്നേൽപ്പും തണുത്ത വെള്ളത്തിലുള്ള കുളിയും ആഹാരാദികാര്യങ്ങളിൽ അതുവരെ പാലിക്കാത്ത ചിട്ടവട്ടങ്ങളും വീടുവിട്ടുള്ള സഹവാസങ്ങളും എല്ലാം കൂടിയായപ്പോൾ, ആ സ്വാമിഭക്തന് ശരണംവിളിക്കുമ്പോൾ തൊണ്ടവരളുന്നുവോ, എഴുന്നേറ്റു നിൽക്കുമ്പോൾ തലചുറ്റുന്നുവോ, ചുറ്റമ്പലമതിൽചാരി ദീപക്കാഴ്ച കണ്ടു തൊഴുമ്പോൾ കണ്ണു പുളിക്കുന്നുവോ, ഭൂലോകം അപ്പാടേ തരികിടതിമൃതാ എന്ന മട്ടിൽ കീഴ്ക്കാംതൂക്കം മറിയുന്നുവോ, വട്ടംകറങ്ങുന്നുവോ, അങ്ങനെ പല സംശയങ്ങളും. പടിയേഴും ചവിട്ടി നാലാം നിലയിലെ മുറിയിൽ വന്നുകയറിയയുടനെ വിയർത്തു തളർന്ന് തൊട്ടുമുമ്പിലെ കസേരയിൽ ഇരുന്നു. വിയർത്ത നെറ്റി കൈലേസിനാൽ ഒപ്പി, നിറഞ്ഞ കണ്ണുകൾ തുടച്ചു പറഞ്ഞു: "ഖാദർക്കാ, എന്റെ കാര്യം പോക്കാ."



"എന്തുപറ്റി" എന്നായി ഞാൻ.

പിടികൂടിയ അസുഖങ്ങളുടെ പട്ടിക നിരത്തുകയാണു പാർട്ടി. എന്നെ തേടിയെത്തിയത് ഏതെങ്കിലും ഡോക്ടറെ കണ്ടു ദേഹം ആസകലം ഒന്നു പരിശോധിപ്പിക്കുവാൻ വേണ്ടതു ചെയ്തുകൊടുക്കണം എന്നു നേരിൽ കണ്ടു പറയുവാനും പ്രവർത്തിപ്പിക്കുവാനുമാണ്. ആശുപത്രിക്കാരനായതിനാൽ ആൾപരിചയവും സ്ഥലപരിചയവും പ്രയോജനപ്പെടുത്തി, വിദഗ്ധനായ ഏതെങ്കിലും ഡോക്ടറുടെ മുറിയിൽ പെട്ടെന്ന് എത്തിപ്പെട്ടാൽ അനാവശ്യമായുള്ള കാത്തിരിപ്പും മുഷിച്ചിലും അതുകൊണ്ടുണ്ടാകാവുന്ന ഇണ്ടലുകളും ഒഴിവാക്കാമല്ലോ എന്നാവും ചങ്ങാതി കണക്കുകൂട്ടിയിരിക്കുക.

അതെന്തോ ആകട്ടെ, പരോപകാരാർഥം എന്ന ആപ്തവാക്യമനുസരിച്ചു നടക്കാറുള്ളവൻ സ്നേഹിതനെയും കൂട്ടി ബന്ധപ്പെട്ട

ഡോക്ടർമാരുടെയൊക്കെ സന്നിധാനങ്ങൾ പൂകി ശരണംവിളിച്ചു. അവരുടെയൊക്കെ നിർദേശപ്പടി ചോര പരിശോധിച്ചു. കുഴപ്പമില്ല. പഞ്ചസാരയുടെ തരിയോ കൊഴുപ്പിന്റെ പാടയോ വാടയോ ഒന്നുമില്ല. നിർമലം. ശരീരത്തിന്റെ എക്സ്റേകൾ ഇരുത്തിയും നിർത്തിയും കിടത്തിയുമൊക്കെ എടുത്തു നോക്കി. അയ്യപ്പസുകൃതം! യാതൊരു കുഴപ്പവുമില്ല. പിന്നെ എന്താണ് തലചുറ്റലിനും ശരീരംവിറയലിനും കണ്ണുപുളിക്കലിനും ഹേതു?

നേരെ കയറിച്ചെന്നതു ഹൃദയചികിത്സകന്റെ മുറിയിലേക്കാണ്. അദ്ദേഹവും ആളെ ക്രമപ്രകാരം വേണ്ടവിധത്തിലൊക്കെ പരിശോധിച്ചു. ആശുപത്രിയിലെ ഉദ്യോഗപ്രവരന്റെ ഏറ്റവുമടുത്ത ചങ്ങാതിമാരിൽപ്പെട്ടവനാണല്ലോ എന്ന പരിഗണനയും കന്നിഅയ്യപ്പനു നൽകിയിട്ടുണ്ടാവും. ഒന്നും വിശേഷിച്ചു കാണാത്തതുകൊണ്ട് ഹൃദയപ്രവർത്തനത്തിന്റെ മട്ടും മാതിരിയുമൊക്കെ എങ്ങനെയുണ്ടാവുമെന്ന് പരിശോധിച്ചറിയുവാൻ ഇ.സി.ജി. മുറിയിലേക്ക് പറഞ്ഞയച്ചു. അവിടെയും ക്യൂവിന്റെ ഇങ്ങേത്തലയ്ക്കൽ ചെന്നു നിന്ന് യഥാസമയം പേരുവിളിച്ചപ്പോൾ ശീട്ടു കാണിച്ചു പരിശോധനയ്ക്ക് വിധേയനാവുക എന്ന മര്യാദ പാലിക്കാനൊന്നും നമ്മുടെ കക്ഷിക്കു സമയമോ സാവകാശമോ അശേഷം ഇല്ലായിരുന്നു. തുണചെന്നതു സഹപ്രവർത്തകനായതിനാൽ മറുത്തൊരക്ഷരമോ മുറുമുറുപ്പോ കാണിക്കാതെ, മുഖം കനപ്പിക്കാതെ, മുമ്പേവന്നു കാത്തുകെട്ടിനിൽക്കുന്നവരുടെ നീരസസ്വരങ്ങൾക്കു ചെവികൊടുക്കാതെ ജീവനക്കാരൻ ഹരിഹരസുതന്റെ അർധനഗ്നശരീരത്തിൽ ഇ.സി.ജി. യന്ത്രസാമഗ്രികൾ ഘടിപ്പിച്ചു. രേഖപ്പെടുത്തപ്പെട്ട ചാർട്ടിൽ ബന്ധപ്പെട്ട ആൾക്കാർ തിരിച്ചും മറിച്ചും നോക്കി. ഒരു അപാകതയുമില്ല. ഹൃദയമിടിപ്പുകൾ ബഹുസാധാരണം. ഹൃദയത്തിലെ ഒരു വാൽവിനും കുഴപ്പമില്ല. എല്ലാം എപ്രകാരം ഉടയതമ്പുരാൻ കൽപിച്ചു നൽകിയോ അപ്രകാരം കടുകിട വ്യത്യാസമില്ലാതെ അനവരതം പ്രവർത്തിച്ചുവരുന്നു.

അപ്പോൾ കൂടെക്കൂടെയുണ്ടാവുന്ന തലചുറ്റലോ? ലോകം കീഴ്മേൽ മറിയുന്നു എന്നു തോന്നുന്നതോ? ഹൃദയരോഗവിദഗ്ധൻ ഒരു മനോരോഗവിശാരദൻ കൂടിയായിരുന്നു. അയാൾ സ്നേഹിതനെ നോക്കി സാകൂതം ചിരിച്ചു. പിന്നെ വിധിയെഴുതുകയും പ്രസ്താവിക്കുകയും ചെയ്തു:

“യാതൊരു കുഴപ്പവുമില്ല. ഭക്ഷണത്തിന്റെ മാറ്റവും ഉറക്കമില്ലായ്മയും കാരണം തോന്നുന്നതാണ്. എല്ലാം തോന്നലുകൾ; വെറും മിഥ്യ; മായ. ധൈര്യമായി മല കയറിയിറങ്ങി വരിക. ഈ മരുന്നും കഴിക്കുക.”

തിരിച്ചുപോരുമ്പോൾ അരവണപ്പായസം ആവുന്നത്ര സേവിക്കുക എന്നു പറഞ്ഞ് താനൊരു ഫലിതപ്രിയൻ കൂടിയാണെന്ന് ഡോക്ടർസാർ വിളംബരപ്പെടുത്തി. ചങ്ങാതിയെ മാറ്റിനിർത്തി സ്വകാര്യം പറയും മട്ടിൽ ഇവനോടു പറഞ്ഞു: “ആൾ തന്റെ ചങ്ങാതിയാണല്ലോ. വാരിവലിച്ചു തിന്നുന്ന മട്ടുകാരനാവും. പിന്നെ ദഹനത്തിനെന്നു നുണയും പറഞ്ഞ് ചൂടുവെള്ളം മോന്തുന്ന നല്ല സ്വഭാവവും കാണും. ഏതായാലും ഇരുമ്പുസത്ത് ധാരാളം അടങ്ങിയ ഗുളിക സേവിച്ചോട്ടെ. ഞാൻ ശീട്ടുകൊടുത്തിട്ടുണ്ട്.”

ഇത്രയുമായപ്പോൾ അന്ന് എനിക്കൊരു വികൃതി തോന്നി. ഏതായാലും ഇ.സി.ജി മുറിയിൽ കയറിയതല്ലേ. ശരീരത്തിന്റെ മട്ടും മാതിരിയുമനുസരിച്ച് ഇപ്പോൾ ഹൃദയചലനങ്ങൾ എങ്ങനെയിരിക്കുന്നു എന്നറിയാമല്ലോ എന്നൊരു മോഹം. പണനഷ്ടമില്ലാത്ത ഏർപ്പാട്. സർക്കാരുദ്യോഗസ്ഥനാണല്ലോ. ഹൃദ്രോഗവിദഗ്ധനാണെങ്കിൽ അറിയുന്ന ആൾ. മൂന്നുനാലുതവണ ഒന്നിച്ചു കൂടിയവർ... പിന്നെയെന്ത് എന്നൊരാലോചന? രണ്ടാംവട്ടമെന്ന ചിന്തകൂടാതെ ഷർട്ടും ബനിയനുമഴിച്ച്, കൈയിലെ വാച്ച് അഴിച്ച് ഞാനും ഇ.സി.ജി യുടെ യന്ത്രക്കട്ടിലിൽ കയറിക്കിടന്നു. യന്ത്രം പ്രവർത്തിച്ചുതുടങ്ങിയപ്പോഴാണ് കള്ളി വെളിച്ചത്താവുന്നത്. ഇ.സി.ജി യുടെ കടലാസുനാടയിൽ രേഖപ്പെടുത്തപ്പെടുന്ന വരകളിൽ കുഴപ്പത്തിന്റെ വിത്തുകൾ.



ഡോക്ടർ തിരിച്ചും മറിച്ചും നോക്കി. എന്തോ കുഴപ്പമുണ്ടോ ആവോ! ഡോക്ടർ ചോദിക്കുന്നു: "രാവിലെ ഇരുന്നിടത്തുനിന്ന് എഴുന്നേൽക്കുമ്പോൾ തലചുറ്റാറുണ്ടോ?"

ഉണ്ടല്ലോ എന്നു പറയുവാൻ ആദ്യമായി ഭയം തോന്നി. പിന്നെ ഡോക്ടർമാർ നാലഞ്ചുപേർ ഒന്നിച്ച് ഒത്തുകൂടി. ഇതെന്തതിശയമേ എന്ന മട്ടിലായി അവരുടെ ചോദ്യങ്ങൾ. കൈനോട്ടക്കാരൻ കാര്യങ്ങൾ ചോദിക്കുമ്പോൾ ശരിയാണ്, ശരിയാണ് എന്നു പറയുന്നപോലെ ഞാൻ തലകുലുക്കുക മാത്രം ചെയ്തു. "കൂടെക്കൂടെ കണ്ണിരുട്ടിക്കുന്നുണ്ടോ?"

ഉണ്ടല്ലോ.

"നാവിനു വരൾച്ചയുണ്ടോ? ദാഹം കൂടെക്കൂടെ തോന്നാറുണ്ടോ?"

ചോദിക്കുന്നതൊക്കെ ഉള്ള കാര്യങ്ങൾതന്നെ. നെഞ്ചിന്റെ ഇടതുഭാഗത്തു സൂചിക്കുത്തേൽപ്പിക്കുന്ന ഒരു വേദന ചിലപ്പോഴൊക്കെ തോന്നാറുണ്ട്. അതു ദഹനക്കേടുകൊണ്ടാണെന്നോ, ഗ്യാസിന്റെ തകരാറുമൂലമാണെന്നോ ഒക്കെ ധരിച്ചു മിണ്ടാതെ നടക്കുകയായിരുന്നുവല്ലോ. ഡോക്ടർമാർ ചോദ്യശരങ്ങൾ മുറയ്ക്ക് തൊടുത്തുവിടുകയാണ്. ആ അസുഖങ്ങൾ മുഴുവനും എനിക്കുണ്ടെന്നുതന്നെയാണു മറുപടി. എങ്കിൽപ്പിന്നെ പിടിച്ചാൽ പിടികിട്ടാത്തിടത്ത് എത്തും മുമ്പേ വന്നതും കണ്ടതും നന്നായി എന്നായി ഡോക്ടറുടെ പക്ഷം. എനിക്കു വിയർത്തതും അന്നേരം എന്റെ കണ്ണിൽ ഇരുട്ടുകയറിയതും ഡോക്ടർ അറിഞ്ഞുവോ, എന്തോ! ഡോക്ടർ ശീട്ടെഴുതാൻ തുടങ്ങി. കൂട്ടത്തിൽ പറയുകയും ചെയ്തു: "കുറച്ചു ദിവസത്തേക്ക് അനങ്ങരുത്. ബെഡ്റസ്റ്റ് വേണം. ഇന്നുതന്നെ ഇന്റൻസീവ് കെയറിൽ അഡ്മിറ്റ് ചെയ്യാം."

ഇതെന്തു തരികിടാ എന്നു ചിന്തിച്ച് ഞാനവിടെക്കണ്ട ഒരു ബെഞ്ചിൽ തളർന്നിരുന്നു. രോഗിയായി വന്നുകയറിയ ചങ്ങാതി ഹരിഹരസുതനയ്യപ്പസ്വാമി സലാം പറഞ്ഞ് ശരണംവിളിച്ച് ആശുപത്രിപ്പടി ഇറങ്ങിയകന്ന് വന്ന കാലാലെ നടന്നുപോയി. എനിക്കുള്ള ശീട്ട് എഴുതിത്തരുന്നതുവരെ കാത്തിരുന്നതുപോലുമില്ല. 'കാർഡിയോളജി ഡിപ്പാർട്ടുമെന്റിൽ ഒരു പേഷ്യന്റായി' എനിക്കൊരു കാർഡ് ലഭിച്ചു. 'ഹൃദ്രോഗികളുടെ

മഹനീയ പദവി അലങ്കരിക്കുന്ന' രോഗികളുടെ കൂട്ടത്തിൽ ഒരംഗമായി എന്നെ ചേർക്കുന്ന പരിപാടി അവർ ക്ഷണനേരം കൊണ്ടു നിർവഹിച്ചു. എന്റെ അംഗത്വകാർഡ് നീട്ടിക്കാണിച്ചുകൊണ്ട് ഡോക്ടർ ചോദിച്ചു: "എന്താ അഡ്മിറ്റ് ചെയ്യുകയല്ലേ?"

അങ്ങോട്ടെന്തെങ്കിലും സംസാരിക്കാമെന്ന നിലവന്നപ്പോൾ ഞാൻ ചോദിച്ചു: "ബെഡ്റസ്റ്റ് വേണമെന്നു പറഞ്ഞത് കൂടിയേ പറ്റൂവെങ്കിൽ അത് വീട്ടിൽവെച്ചായിക്കൂടെ?"

"പാടില്ല-ചുരുങ്ങിയത് പത്തു ദിവസമെങ്കിലും വാച്ച് ചെയ്യണം. അതിനിവിടെക്കിടക്കാതെ വയ്യ. ഒരു ഇൻവെസ്റ്റിഗേഷൻ നടത്തണം. ഏതായാലും ഇപ്പോൾ ഈ കണ്ടീഷനിൽ ഇവിടെ വന്നതും കാണിച്ചതുമൊക്കെ നന്നായി. എനിവേ യു ആർ ലക്കി. താങ്ക്ഗോഡ് - നമുക്കിന്നുതന്നെ പ്രൊസീഡ് ചെയ്യാം–"

ഹൃദ്രോഗിയായി അവരോധിക്കപ്പെട്ട സ്ഥിതിക്ക് ഇനി ഏറെ വർത്തമാനം പറയുന്നതു ശരിയല്ലല്ലോ. വീട്ടിൽ കെട്ടിയവളെയും കുട്ടികളെയും വളരെ മയത്തിൽ ചങ്ങാതിമാരിലാരോ വിവരമറിയിച്ചു. കരഞ്ഞും കണ്ണീരൊലിപ്പിച്ചും സങ്കടം കടിച്ചമർത്തിയും മക്കളും പെണ്ണും ആശുപത്രി വാർഡിലെത്തിയപ്പോൾ 'കിടക്കവിശ്രമ' വിധേയനായി, ഹൃദയമിടിപ്പളക്കും യന്ത്രങ്ങളാൽ ചുറ്റപ്പെട്ടവനായി ഇവൻ കിടക്കുകയായിരുന്നു.

രാവിലെ നല്ല പഞ്ചാരച്ചായ രണ്ടു ഗ്ലാസും രണ്ടു പെറോട്ടയും മുട്ടക്കറിയും തട്ടി തമാശ പറഞ്ഞിറങ്ങിപ്പോയ തൃക്കോട്ടൂരുകാരൻ, ഒന്നിച്ച് വൈകുന്നേരം സിനിമ കാണാമെന്നും രാത്രി അത്താഴം സ്നേഹിതന്റെ വീട്ടിലെ കല്യാണസൽക്കാരത്തിലെ ബിരിയാണിയിലും ബീഫ് ഫ്രൈയിലും ഒതുക്കാമെന്നും പറഞ്ഞേറ്റു പടിയിറങ്ങിപ്പോയ പ്രിയൻ ഇങ്ങനെ 'കിടന്നകിടപ്പാലെ' എന്നൊരു കാഴ്ച ഇതുവിധം കാണേണ്ടിവരുമെന്ന് പ്രിയതമ ധരിച്ചിരിക്കയില്ലല്ലോ. 'അന്യഥാ ചിന്തിതം കാര്യ'മെന്ന ദൈവസൂക്തമൊക്കെ ആരെല്ലാമോ ചൊല്ലിക്കേൾപ്പിച്ച് അവരെ ആശ്വസിപ്പിക്കുന്നതു കേട്ടു കിടന്നു. ഇ.സി.ജി മുറിയിൽ കയറിയപ്പോൾ, ആ കട്ടിലും സജ്ജീകരണങ്ങളും കണ്ടപ്പോൾ, കാശ് ചെലവില്ലാ കാര്യമെന്ന നിലയ്ക്ക് തനിക്കും ഒരു പരിശോധനയാവാമെന്ന കൗതുകം തോന്നിയ നിമിഷത്തെ ശപിച്ച് പത്തുദിവസം എങ്ങനെയെല്ലാമോ 'കിടക്കയിലെ തടവും' ഞാൻ തള്ളിനീക്കി. നിത്യേന ഡോക്ടർ വരികയും ഹൃദയത്തിന്റെ സമനിലവിതാനങ്ങളെക്കുറിച്ച് ഓരോന്നു പറയുകയും ചെയ്യുന്നത് കേൾക്കുമ്പോഴായിരുന്നു എന്റെ ദുർബലഹൃദയം ഏറെ പിടച്ചത് എന്ന വാസ്തവം ആരോടു പറയാനാണ്. ഉറയിൽക്കിടന്ന കൊടുവാൾ കാലിലെടുത്തിട്ടു മുറിവു പറ്റിയെന്നും ചോരയൊലിച്ചെന്നും പറയുന്നതു ഭോഷ് കാണല്ലോ.

പേഷ്യന്റായിക്കിടന്ന പത്തു ദിവസവും എന്നെക്കൊണ്ടും എന്റെ തടികൊണ്ടും കളിക്കാവുന്ന കളി മുഴുക്കെ അവർ കളിച്ചിട്ടുണ്ട്. ഒന്നാം ദിവസം രക്തം പരിശോധിച്ചപ്പോൾ നിറയെ പഞ്ചസാരത്തരികളാണത്രേ. രണ്ടാം നാളിലെ റിപ്പോർട്ടിൽ ഹൃദ്രക്തത്തിൽ നിറയെ കൊഴുപ്പിന്റെ പാട. കൊളസ്ട്രോൾ എന്ന പെരിസ്ട്രോയിക്ക. തൂക്കം നോക്കി ഡോക്ടർ പറയുന്നതുകേട്ടു: "ഈ എഴുപത്തെട്ട് അറുപത്തഞ്ചാക്കി കുറയ്ക്കണം. എന്നാലേ രക്ഷയുള്ളു. പ്രായം എത്രായീന്നറിയാലോ?"

ഡിസ്ചാർജ്ശീട്ട് എഴുതിവാങ്ങി. നിത്യേന കഴിക്കേണ്ട ഗുളിക മാത്രകൾ നിശ്ചയിച്ച് അവയ്ക്കുള്ള 'ഓല' വേറെ വാങ്ങി. ഇറങ്ങാൻ നേരം ഭാര്യയോട് പ്രത്യേകം പറയുന്നതു കേട്ടു: "ഇനി ഭക്ഷണം വിളമ്പുമ്പോൾ നിങ്ങൾ വേണം ശ്രദ്ധിക്കാൻ. അമിതാഹാരം വിഷം. നിങ്ങൾ സൂക്ഷിക്കുക നിങ്ങളുടെ കടമ."

കടമ നിർവഹിക്കുവാൻ അവൾ കേമിയായിരുന്നു. അതിനാൽ അന്നുമുതൽ മറ്റുള്ളവർ വാരിവലിച്ച് എരിവും പുളിയുമുള്ള ആഹാരപദാർഥങ്ങൾ വെട്ടിവിഴുങ്ങുമ്പോൾ അതും നോക്കി വായിൽ കപ്പലോട്ടാനുള്ള വെള്ള

വുമായി ഇവൻ മിണ്ടാതിരിക്കേണ്ട ഗതികേടഞ്ചും തീർത്തും വന്നുപെട്ടു. അവൾ കനിഞ്ഞുവിളമ്പുന്ന ഉണങ്ങിയ ചപ്പാത്തിയും മൊരിഞ്ഞ റൊട്ടിയും കയ്പ്പയ്ക്കാക്കറിയും തിന്ന് അഷ്ടിനിറയ്ക്കേണ്ടിവന്നു. ജീരക വെള്ളം കുടിച്ചു ദാഹം ശമിപ്പിക്കേണ്ടിവന്നു. വല്ലപ്പോഴെങ്കിലും മഹാമനസ്ക ഇട്ടുതരുന്നത് ഒരു കഷ്ണം കോഴിയിറച്ചി. അതും എരിവും പുളിയും കൂട്ടിത്തൊടീക്കാതെ ചുമ്മാ പുഴുങ്ങിയെടുത്തത്. വായുടെ രുചിപ്പാടുകൾ മുഴുക്കെ ദ്രവിച്ചു നശിച്ചുപോയിരിക്കാം. എന്റെ നാക്കിനു രുചിയൊന്നും അറിയാതായി. ഉപ്പും പുളിയും നിശ്ചയമില്ലാതായി. എന്റെ തൂക്കം കുറയുകയും ശരീരം മെലിയുകയും ചെയ്തു. അപ്പോൾ ചില സുഹൃത്തുക്കൾ നേരിൽ കാണുമ്പോൾ ചോദിച്ചു തുടങ്ങി: "അല്ലാ-അന്നന്നു ചെറുപ്പക്കാരനാവുകയാണല്ലോ. ആ തടിയും കുമ്പയുമൊക്കെ പോയി ആളൊരു സുന്ദരക്കുട്ടപ്പനാവുകയാണല്ലോ. ഇതെങ്ങനെ സാധിക്കുന്നു?"

കേൾക്കക്കേൾക്കെ എന്റെ കെട്ടിയവൾക്ക് കാതിനു കൗതുകം. എനിക്കോ കർണകഠോരം. ഈ ദിശയിൽ വീണ്ടും ചെറുപ്പം വന്നു ഭവിച്ച കാലത്താണ് എന്റെ സുഹൃത്ത് ഡോക്ടർ പറഞ്ഞത്: "ഒരു യാത്ര നല്ലതാണ്. ടെൻഷൻ കുറയും. ആരോഗ്യം വീണ്ടുകിട്ടും. കൈയിൽ പാസ്പോർട്ടുണ്ടല്ലോ?"

ഡോക്ടറുടെ അഭിപ്രായം മക്കൾ അറിഞ്ഞപ്പോൾ അവർ വിദേശത്തുനിന്ന് വിളിച്ചുപറഞ്ഞു:

''ഉപ്പാ, ഒരു ടൂർ സംഘടിപ്പിക്കുന്നു. വരുന്നോ?"

ഫോണിന്റെ മറ്റേത്തലയ്ക്കൽ മുഴങ്ങത്തക്ക വണ്ണം ഞാൻ വിളിച്ചു പറഞ്ഞു: "റെഡി - അയാം റെഡി ഫോർ എ ജേർണി."

എന്റെ കോഴിക്കോടൻ ഇംഗ്ലീഷ് കേട്ട് മക്കൾ ഫോണിന്റെ മറുതലയ്ക്കലിരുന്നു ചിരിച്ചിട്ടുണ്ടാവും. ഏതായാലും അവർ ബാപ്പയുടെ തടിസുഖവിവരങ്ങൾ ചോദിച്ചറിഞ്ഞ് ഒരു യാത്ര തരപ്പെടുത്തി. ഒരു സുഖചികിൽസായാത്ര. പെട്ടിയും പടുക്കയുമൊക്കെയായി യാത്ര പുറപ്പെടാനിറങ്ങിയപ്പോൾ പടിക്കലോളം വന്ന് എന്റെ പെണ്ണുംപിള്ള പറഞ്ഞു: "യാത്രയൊക്കെ നല്ലതുതന്നെ. പിന്നെ കിട്ടിയതൊക്കെ വാരിവലിച്ചു തിന്ന് തടി കേടാക്കരുതേ - തടിച്ചു ഡുംഡുവായി വിമാനത്തിൽ തിരിച്ചിങ്ങോട്ടു വന്നാൽ എനിക്കാളു മാറിപ്പോകരുതേ..."

അവൾ ചിരിച്ചു. ആ ചിരിയുടെ മണിയൊച്ചയാണ് എന്നിൽ ചെറുപ്പത്തിന്റെ ചന്തം വിടാതെ നിലനിർത്തുന്നതെന്ന് അവളറിയില്ലല്ലോ. ആ മണിയൊച്ചയും കേട്ടാണ് നാടായ നാടൊക്കെ ഞാൻ വട്ടമിട്ടുപറന്നത്.

**ഖാദറിന്റെ കഥാലേഖനങ്ങൾ**

- വേദനാജനകമായ അനുഭവത്തെപ്പോലും നർമരസത്തോടെ അവതരിപ്പിക്കുന്നതിൽ യു.എ. ഖാദർ എത്രമാത്രം വിജയിച്ചിട്ടുണ്ട്? പരിശോധിക്കുക.
- 'കൊളസ്ട്രോൾ എന്ന പെരിസ്ട്രോയിക്ക' 'ഹൃദ്രോഗിയായി അവരോധിക്കപ്പെട്ട സ്ഥിതിക്ക്', 'പടിയേഴും ചവിട്ടി നാലാം നിലയിലെ മുറിയിൽ വന്നു കയറി' തുടങ്ങിയ പ്രയോഗങ്ങൾ സന്ദർഭത്തെ പൊലിപ്പിക്കുന്നുണ്ടോ? ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.
- "മറ്റുള്ളവർ വാരിവലിച്ച് എരിവും പുളിയുമുള്ള ആഹാരപദാർഥങ്ങൾ വെട്ടിവിഴുങ്ങുമ്പോൾ അതും നോക്കി വായിൽ കപ്പലോട്ടാനുള്ള വെള്ളവുമായി ഇവൻ മിണ്ടാതിരിക്കേണ്ട ഗതികേടഞ്ചും തീർത്തും വന്നുപെട്ടു." ഇത് ലേഖകന്റെ മാത്രം ഗതികേടാണോ? ഇങ്ങനെയൊരു ഗതികേടിന് കാരണമാകുന്ന സാഹചര്യങ്ങൾ എന്തൊക്കെയാവാം? ചർച്ച ചെയ്യുക.

തെറ്റായ ജീവിതശൈലി ശരീരത്തെ മാത്രമാണോ ബാധിക്കുന്നത്? മദ്യപിച്ചുന്മത്തരായ യാദവരുടെ അനുഭവം ശ്രദ്ധിക്കുക.

# യാദവനാശം

**ചെറുശ്ശേരി**

സ്വതേ സാത്വികരാണ് യാദവർ. പക്ഷേ, വീര്യമേറിയ മദ്യം അവരെ ഉന്മത്തരാക്കി. അവർ സ്വയം നാശത്തിൽ ചെന്നു പതിച്ചു.



ശാന്തരായുള്ളവർ മാനസമന്നേരം
ഭ്രാന്തരെപ്പോലെയങ്ങായിക്കൂടി.
ഒച്ചപ്പെടാതെ പറഞ്ഞു നിന്നീടുന്നോർ-
ക്കുച്ചത്തിലായിതേ വാർത്തയെല്ലാം.
ചാട്ടം തുടങ്ങിനാരോട്ടം തുടങ്ങിനാർ
പാട്ടും തുടങ്ങിനാർ പാരമപ്പോൾ.
വാശിപൂണ്ടൊന്നൊന്നേ പേശിത്തുടങ്ങിനാർ
കൂശാതെവന്നു നിന്നങ്ങുമിങ്ങും.
ആയുധംകൊണ്ടു കളിച്ചു തുടങ്ങിനാർ
ആയുധചഞ്ചുക്കളായോരെല്ലാം.
വന്മദംകൊണ്ടവർ തന്മനം പൂണ്ടുള്ള
സന്മതിതന്നെയും തൺമ പൂണ്ടു.
ശൂരന്മാരായുള്ള വീരന്മാർക്കന്നേരം
കാരുണ്യമെന്നതു ദൂരമായി.
കഷ്ടമായ്നിന്നുള്ളന്നിഷ്ഠുരഭാഷണം
ഒട്ടേറെപ്പൊങ്ങിത്തുടങ്ങീതപ്പോൾ
തങ്ങളിൽ നേരിട്ട ഘോഷവും പോന്നങ്ങു
പൊങ്ങിത്തുടങ്ങീതു പിന്നെപ്പിന്നെ
തന്മുന്നൽ കാണുന്ന തങ്ങളെയെല്ലാമേ
തന്നുടെ വൈരികളെന്നു തോന്നി

മത്തരായ് നിന്നങ്ങു യുദ്ധം തുടങ്ങിനാ-
രുത്തമശ്ലോകനുമൊന്നു വീർത്താൻ
നിർഘൃണരായ് നിന്നു കൊന്നു തുടങ്ങിനാർ
മക്കളെത്തന്നെയും മന്ദിയാതെ
പ്രദ്യുമ്നസാംബന്മാർ തങ്ങളിൽ നേരിട്ടു
പത്തഞ്ഞൂറായിരം ബാണമെയ്താർ
താതനായുള്ളവന്തന്മകന്തന്നൊടും
സോദരരായവർ തങ്ങളിലും
ഘോരമായ് നിന്നുള്ളൊരാഹവമുണ്ടായി
നേരിട്ടു നിന്നുള്ള വീരർക്കപ്പോൾ
ആയുധജാലമൊടുങ്ങിനിന്നോരോരോന്നേ
പേയായിപ്പോയൊരു നേരത്തപ്പോൾ
ഏരകപ്പുല്ലുപറിച്ചുകൊണ്ടെല്ലാരും
പാരിച്ചു ചാടിനാർ മേനിതന്നിൽ.
വേദനപൂരിച്ചു മെയ്പിളർന്നോരോരോന്നേ
മേദിനിതന്നിൽ പതിക്കയാലേ
ആരണശാപത്താൽ മാരണമായിത-
ദ്വാരകവാസികൾക്കേരകപ്പുൽ
ചേതന വേർവിട്ടു പോകുന്ന നേരത്തു
വേദനയുണ്ടായീതില്ലയാർക്കും.

**കൃഷ്ണഗാഥ**

- മദ്യപിച്ച യാദവന്മാരുടെ സ്വഭാവത്തിൽ വന്ന മാറ്റം കവി എങ്ങനെ സൂക്ഷ്മമായി വർണിച്ചിരിക്കുന്നു?
- ഒരു വംശത്തിന്റെതന്നെ നാശം മദ്യത്തിലൂടെ സംഭവിക്കുന്നതാണല്ലോ ചെറുശ്ശേരി വർണിക്കുന്നത് - ഇന്നത്തെ സമൂഹത്തിലും സമാനമായ അവസ്ഥ നിലനിൽക്കുന്നുണ്ടോ? പരിശോധിക്കുക.
- ആരണ - മാരണ, ദ്വാരക - ഏരക അക്ഷരാവർത്തനംകൊണ്ട് ചെറുശ്ശേരി കവിതയ്ക്കു വരുത്തുന്ന ചാരുത ശ്രദ്ധിച്ചല്ലോ. ഭാഷാപരമായ മറ്റെന്തൊക്കെ കൗശലങ്ങളാണ് പാഠഭാഗത്തുനിന്നു കണ്ടെത്താനാവുക? പരിശോധിക്കുക.

ആഘോഷവും ആനന്ദവുമായി തുടങ്ങുന്ന ലഹരി ഒടുവിൽ എങ്ങോട്ടാണ് സമൂഹത്തെ കൊണ്ടെത്തിക്കുന്നത്?

# സ്നേഹപൂർവം അമ്മ

**സുഗതകുമാരി**

കുഞ്ഞുമോനേ,

നിന്റെ കത്തു കിട്ടിയിട്ടു മൂന്നാഴ്ചയായി. അമ്മ എന്നും നോക്കിയിരിക്കുകയാണ്; ആ മഹാനഗരത്തിൽ നീ തനിച്ചാണല്ലോ.

അമ്മയ്ക്ക് പരിഭ്രമത്തിന് ഇന്നലെ പ്രത്യേകിച്ച് ഒരുകാര്യം കൂടിയുണ്ടായി. ഒരു കൂട്ടുകാരിക്കുവേണ്ടി മനോരോഗാശുപത്രിയിലെ ഡോക്ടറോടു ചിലകാര്യങ്ങൾ ചോദിക്കാൻ ഞങ്ങൾ ഇന്നലെ അവിടെപ്പോയി. ഡോക്ടർ വാർഡിലായിരുന്നു. അദ്ദേഹത്തെ കണ്ടിട്ട് ഞങ്ങൾ മടങ്ങുമ്പോൾ, നിരനിരയായുള്ള മുറികളിൽ നിന്നുയരുന്ന ബഹളവും പുലമ്പലും ചിരിയും കരച്ചിലുമെല്ലാം കേട്ടുകൊണ്ട് തിടുക്കത്തിൽ പോരുമ്പോൾ, പെട്ടെന്ന് അമ്മേ, അമ്മേ എന്ന് ഉറക്കെയുള്ള ഒരു വിളി! ഞാൻ ഞെട്ടിത്തെറിച്ചുപോയി. മോനേ, നിന്റെ ശബ്ദമായിരുന്നു അത്! ആ വിളി കേട്ടിടത്തേക്ക് ഞാൻ ഓടിച്ചെന്നു. അഴികളിൽ പിടിച്ചുകൊണ്ട് ആ കുട്ടി നിൽക്കുന്നു; വെളുത്തു നിവർന്ന ഒരു പതിനെട്ടുകാരൻ. നിന്റെ അതേ മട്ട്. അതേ നിറവും ചുരുണ്ട മുടിയും അതേ മുഖഭാവവും. പക്ഷേ, കണ്ണുകൾ കുഴിഞ്ഞ്, കറുത്ത് ശൂന്യമായി, നെഞ്ചു കൂടുകെട്ടി, ആകെ പരവശനായി മലിനനായി അവൻ അഴികൾക്കിടയിലൂടെ എന്റെ നേർക്കു കൈനീട്ടി ഉറക്കെ കരഞ്ഞുവിളിക്കാൻ തുടങ്ങി. അമ്മേ! അമ്മേ, അമ്മ പോവല്ലേ! എന്നെ ഇവിടെ വിട്ടിട്ടു പോവല്ലേ! ഞാനാ നീട്ടിയ കൈപിടിച്ചു 'കരയല്ലേ മോനേ' എന്നാശ്വസിപ്പിച്ചു. 'എന്റെ കുട്ടിക്ക് എന്തുപറ്റി' എന്നു ചോദിച്ചു. അവൻ കണ്ണീരു തുടച്ചുകൊണ്ടു പറഞ്ഞു: "അമ്മേ, മദ്യവും മയക്കുമരുന്നുകളും എന്നെ ഇവിടെക്കൊണ്ടുവന്നു." അവൻ തേങ്ങിത്തേങ്ങിക്കരയാൻ തുടങ്ങി. മുറിയിലുള്ള മറ്റു രോഗികൾ അവനെ ശാസിക്കുന്നു. അവിടെ നിന്ന ഒരാശുപത്രി ജോലിക്കാരൻ പറഞ്ഞു: "ഈ കൊച്ചൻ എഞ്ചിനീയറിങ്ങിനു പഠിക്കുകയായിരുന്നു. വല്യ പാട്ടുകാരനാ! ഒക്കെ തുലച്ചു.



ഇവനൊക്കെ ആദ്യമാദ്യം ഒരു രസത്തിനു തുടങ്ങും - പിന്നെ ഗതിയില്ല." പെട്ടെന്ന് അവന്റെ ഭാവം മാറി. കരച്ചിൽ നിന്നു. പൈശാചികമായി അമർത്തിയ ഒരു മുരളലോടെ അവൻ സെല്ലിന്റെ ഇരുമ്പഴിയിൽ തലയിട്ടടിക്കാൻ തുടങ്ങി... അരുതേ എന്നു ഞാൻ ഉറക്കെ നിലവിളിച്ചുപോയി. ആശുപത്രി ജോലിക്കാർ എന്നെ അവിടെ നിന്നു മാറ്റി പുറത്തേക്കയച്ചു. ഗേറ്റിലെത്തിയപ്പോഴും അവന്റെ നിലവിളി എനിക്കു കേൾക്കാമായിരുന്നു. "അമ്മേ, പോവല്ലേ! എനിക്കു സഹിക്കാൻ വയ്യേ! തീ പിടിക്കുന്നൂ! തീയ്, തീയ് അയ്യോ! ഒരു ഷോട്ട്! ഒന്നു മാത്രം മതി. ഒന്നു മതിയമ്മേ." ചെവിപൊത്തിക്കൊണ്ട് ഞാൻ അവിടെനിന്നു പോന്നു.

കുഞ്ഞുമോനേ, നിന്നെപ്പോലൊരു കുട്ടിയാണവൻ. പതിനെട്ടു വയസ്സിന്റെ എല്ലാ ധീരതയും കുസൃതിയും നിറഞ്ഞ ഒരു മിടുക്കൻ. അച്ഛനമ്മമാർ ഏറെ സ്വപ്നം കണ്ട് ലാളിച്ചു വളർത്തിയവൻ. മിടുക്കിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിങ് കോളേജിൽ കയറിയവൻ. ആ കുട്ടി നാളെ അഭിമാനത്തോടെ ജയിച്ചിറങ്ങി ഈ നാടിനെ അന്തസ്സായി സേവിക്കേണ്ടവനാണ്. ഒരു കുടുംബം പോറ്റേണ്ടവനാണ്. അവൻ ഇതാ, ചുരുണ്ട മുടിയാകെ ജടപിടിച്ച്, ചോരകെട്ടി, എല്ലും തോലുമായി, കീറിപ്പറിഞ്ഞ മുണ്ടുമുടുത്ത് ഭ്രാന്താശുപത്രിയുടെ അഴികൾ പിടിച്ചു കുലുക്കി അലറിക്കൊണ്ടു നിൽക്കുന്നു...

ഈ കുട്ടിയെപ്പോലെ പതിനായിരക്കണക്കിനു ചെറുപ്പക്കാർ നശിച്ചുകൊണ്ടിരിക്കുകയാണു മോനേ. ആദ്യം തുടങ്ങുക സിഗരറ്റുവലിയിലാണ്. താൻ കുട്ടിയല്ല, സ്വന്തം ഇഷ്ടപ്രകാരം നടക്കുന്ന പുരുഷനാണ് എന്നു ഭാവിക്കലാണ് തുടക്കം. പരസ്യങ്ങളിലെ സുന്ദരന്മാരെയും വീരന്മാരെയും അനുകരിക്കൽ. പുകയിലയുടെ വിഷം ശ്വാസകോശങ്ങളെ കാർന്നുതിന്നുമെന്നു പറഞ്ഞാലൊന്നും വിലപ്പോവില്ല.

തുടക്കം പുകവലിയിൽ നിന്നാണെന്നു പറഞ്ഞല്ലോ. പിന്നീടു മദ്യമായി, വലിയ ഹോട്ടലുകളിൽ ചെന്നിരുന്ന് ഒരു പതയുന്ന ഗ്ലാസും കൈയിൽ പിടിച്ച് വർത്തമാനം പറഞ്ഞിരിക്കുമ്പോൾ താൻ ഒരു വലിയ ആളായി എന്നു സ്വയം തോന്നുന്നു. പുകയിലയും മദ്യവും നൽകുന്ന ലഹരി പോരാതെവരുന്നു. ഒരു കൗതുകത്തിന് പതുക്കെപ്പതുക്കെ കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ലോകത്തിലേക്കു നീങ്ങിത്തുടങ്ങുന്നു.

ഒരു പിശാചിന്റെ ക്രൗര്യത്തോടെ അവ നിങ്ങളെ അടിമയാക്കും. പുകയായും പാനീയമായും കുത്തിവയ്ക്കലായുമൊക്കെ ആ വിഷം ഉള്ളിൽ കടന്നു തുടങ്ങിയാൽ പിന്നെ ഭ്രാന്താണ്. എന്നാൽ അവ കിട്ടാൻ വേണ്ടി എന്തും ചെയ്യും. എവിടെ നിന്നും മോഷ്ടിക്കും, ആരെയും കൊല്ലും. ഏതു കഠിനമായ കുറ്റകൃത്യവും ചെയ്യും. നിയമങ്ങളും മര്യാദകളും ആദർശങ്ങളുമൊക്കെ കാറ്റിൽ പറക്കുന്നു. മയക്കുമരുന്നിന്റെ, മദ്യത്തിന്റെ അടിമ. പിന്നെ അവന്റേതായ ഒരു അധോലോകത്തിൽ മുങ്ങിത്താഴുന്നു.

ഈ കുട്ടികളെ നശിപ്പിക്കുന്നത് വൻകിടക്കാരാണ്. ഇതിൽനിന്നു പണമുണ്ടാക്കുന്ന കുത്തകക്കാർ, വിദേശ മാഫിയാ സംഘടനകൾ. ഗവൺമെന്റുകളും പോലീസും ഇവരുടെ ഗൂഢശക്തികൾക്കു മുന്നിൽ നിസ്സഹായരാവുന്നു.

മോനേ! മദ്യത്തിന്റെയും പുകവലിയുടെയും ചിത്രങ്ങളും പരസ്യങ്ങളുമൊക്കെച്ചേർന്ന് അവയെ നമ്മുടെ ജീവിതത്തിൽ നിറയ്ക്കുന്നു. നിങ്ങൾ കുട്ടികൾ, പിച്ചനടക്കുന്ന വഴികളിൽ മുഴുവൻ ചതിക്കുഴികളാണ്.

നിങ്ങളെ രക്ഷിക്കാൻ മറ്റാർക്കും കഴിയില്ല കുഞ്ഞേ, അച്ഛനമ്മമാർക്കോ അധ്യാപകർക്കോ ഭരണകൂടത്തിനോ ഒന്നുംതന്നെ. നിങ്ങളെ രക്ഷിക്കേണ്ടത് നിങ്ങൾ മാത്രമാണ്. അമ്മ എവിടെയോ വായിച്ചു; മയക്കു മരുന്നു കുത്തിവച്ചു കുത്തിവച്ച് ഒരു പരിധി കഴിഞ്ഞാൽ പിന്നെ വിഷപ്പാമ്പിനെക്കൊണ്ടു കടിപ്പിക്കുക പതിവാണത്രേ. ആ വിഷം മാത്രമേ പരിഭ്രമത്തിൽ നിന്ന് താൽക്കാലികമായ ആശ്വാസം നൽകൂ എന്ന്.

നിന്റെ തലമുറ ഇത്ര വിഡ്ഢികളായിക്കൂടാ. കുഞ്ഞേ, സ്വയംനാശത്തിന്റെ പാതയിലൂടെ നിങ്ങൾ വേച്ചുവേച്ചു നടന്നുകൂടാ. ഇന്ത്യയിൽ 20% കുട്ടികൾ ലഹരിവസ്തുക്കൾക്ക് അടിമകളായിക്കഴിഞ്ഞുവെന്നാണ് ഔദ്യോഗികമായ കണക്ക്. ഓർത്തുനോക്കൂ. നിന്നെപ്പോലെ ചൈതന്യമുള്ള കുട്ടികൾ ബുദ്ധിക്കു മാന്ദ്യവും വയറ്റിൽ വേദനയും തളർച്ചയും കരൾവീക്കവും പിന്നെപ്പിന്നെ വിറയലും വിഭ്രാന്തിയും ബാധിച്ച് സാമൂഹികവിരുദ്ധരായി, കുറ്റവാളികളായി, മഹാരോഗികളായി ഇഞ്ചിഞ്ചായി മരിക്കുന്നത്! ഇതെല്ലാം ആരംഭിക്കുന്നത് തൽക്കാലത്തെ കൂട്ടുകൂടിയുള്ള വെറും ഒരു നേരമ്പോക്കിൽ നിന്ന്...! ആ നേരമ്പോക്കിൽ നിന്നു തലയൂരാൻ ശ്രമിക്കുമ്പോഴേക്ക് കഴുത്തിൽ കയർ കുരുങ്ങി മുറുകിക്കഴിഞ്ഞിരിക്കും.

മോനേ, നിവർന്ന നട്ടെല്ലോടെ, ഉയർന്ന ശിരസ്സോടെ, തെളിഞ്ഞ ബുദ്ധിയോടെ, ശുദ്ധനായി, അഭിമാനിയായി വളർന്നുവരാൻ എന്റെ കുഞ്ഞിനു കഴിയുമാറാകട്ടെ. അതു കാണാനുള്ള ഭാഗ്യം നിന്റെ അമ്മയ്ക്കും നിന്നെപ്പെറ്റ നാടിനും ഉണ്ടാകട്ടെ എന്നു മാത്രം എന്റെ പ്രാർഥന.

സ്നേഹപൂർവം

അമ്മ

- "നിങ്ങൾ കുട്ടികൾ പിച്ചനടക്കുന്ന വഴികളിൽ മുഴുവൻ ചതിക്കുഴികളാണ്" - ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ചചെയ്യുക.
- അമ്മയുടെ കത്തിന് നിങ്ങളുടേതായ ഒരു മറുപടി തയാറാക്കൂ.
- "ഈ കുട്ടികളെ നശിപ്പിക്കുന്നത് വൻകിടക്കാരാണ്. ഇതിൽനിന്ന് പണമുണ്ടാക്കുന്ന കുത്തകക്കാരാണ്, വിദേശമാഫിയാസംഘടനകൾ"- ഇവരിൽനിന്ന് രക്ഷപ്പെടാൻ കുട്ടികൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? പ്രഭാഷണം തയാറാക്കുക.
- ലഹരിവിരുദ്ധദിനത്തിൽ സമൂഹത്തെ ബോധവൽക്കരിക്കാനുതകുന്ന പോസ്റ്റർ, കാർട്ടൂൺ, മുദ്രാവാക്യം, ലഘുലേഖ തുടങ്ങിയവ തയാറാക്കുക; സ്കൂളിൽ പ്രദർശിപ്പിക്കുക.

# 2 മണ്ടിമണ്ടിക്കരേറുന്ന മോഹവും

ശ്രീമോന്റെ പൂമേടതന്നിലെ നേത്രാഭി-
രാമവിശാലമാം ശാലയിങ്കൽ,
എണ്ണപ്പെട്ടുള്ള സുഗന്ധം പരത്തുന്നോ-
രെണ്ണ പകർന്നു കൊളുത്തിച്ചെമ്മേ
തൂവെള്ളിച്ചങ്ങലത്തുമ്പത്തതാതിടം
തൂക്കിയ ദീപത്തിൻ ദീപ്തിപൂരം
ദൂരിതമാകുമാറങ്ങണഞ്ഞി, തൊരു
പൂരുഷരൂപമാം തേജഃപുഞ്ജം.
അല്ലേ ഗൃഹസ്ഥ, നീ ധന്യനായ്; ലോകത്തി-
ലില്ലിതിൻമീതേ വിരുന്നുകാരൻ;
അല്ലാ പ്രമാദം: ഭവാന്റെ കാൽമുട്ടുകൾ
തെല്ലും മടങ്ങാതെ നിൽപ്പതെന്തേ?
സർവസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന
ദിവ്യമാം തൃക്കരം ചുംബിപ്പാനും,
ഏഴെട്ടു കാശിന്റെയുന്മദത്തള്ളലേ,
പാഴുറ്റ നിൻ തല താഴില്ലെന്നോ!



**മഗ്ദലനമറിയം - വള്ളത്തോൾ**

- ദീപങ്ങളുടെ ദീപ്തിയെ ദൂരത്താക്കുന്നതാണ് വിരുന്നുകാരന്റെ ശോഭ എന്നു വർണിച്ചിരിക്കുന്നതിന്റെ പൊരുൾ എന്താണ്?
- ഏഴെട്ടു കാശിന്റെ ഉന്മദത്തള്ളൽ എങ്ങനെയൊക്കെ പ്രകടമാവുന്നു? ഇത്തരം സന്ദർഭങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പണം കൈയിൽ വരുമ്പോൾ മനുഷ്യൻ വിവേകശൂന്യനാകുന്നതിന് ധാരാളം ഉദാഹര ണങ്ങൾ നമ്മുടെ മുന്നിലുണ്ട്. നേരേ മറിച്ചുള്ള അനുഭവവും വിരളമല്ല.

# കൊച്ചുകൊച്ചു മോഹങ്ങൾ

**എൻ. മോഹനൻ**

**അ**വന് സന്തോഷം അടക്കാൻ വയ്യാതായി. വിരിഞ്ഞ ചിരിയോടെ ഒരുനിമിഷം കുഞ്ഞു വർക്കിച്ചേട്ടനെ നോക്കിനിന്നു. പിന്നെ റോഡിലേക്കിറങ്ങി ഓടി. റോഡ് നിറയെ ആൾക്കാരായിരുന്നു. അവരുടെ ഇടയിലൂടെ തപ്പിയും തടഞ്ഞും അവൻ ഓടി. പള്ളി മൈതാനത്തും പെരുന്നാളിന്റെ തിരക്കാണ്. അവിടോം കടന്ന് പള്ളിയുടെ വടക്കേ വശത്തെ റബർതോട്ടത്തിന്റെ കമ്പിവേലി തുടങ്ങുന്നിടത്ത് എത്തണം. അവിടെ ഇപ്പോൾ ആരുമുണ്ടാവില്ല. അവിടെ പൊക്കി ക്കെട്ടിയിരിക്കുന്ന സിമന്റ്പടിയിൽ കയറിയി രുന്ന് ആരും കാണാതെ രൂപയെടുത്ത് ഒന്നു കൂടി എണ്ണിനോക്കണം. കുഞ്ഞുവർക്കി ച്ചേട്ടൻ തന്നപ്പോൾ ആകെ സംഭ്രമമായിരു ന്നു. വാങ്ങിച്ച്, അതുപോലെ പോക്കറ്റിലിടുക മാത്രമേ ഉണ്ടായുള്ളൂ. അമ്പതുരൂപാന്നാ കുഞ്ഞുവർക്കിച്ചേട്ടൻ പറഞ്ഞത്. ഈശോയേ! അമ്പതു രൂപ!

അവൻ പടിക്കെട്ടിൽ കയറിയിരുന്ന്, ചുറ്റും നോക്കി, ആരും അടുക്കലില്ലെന്നുറപ്പു വരുത്തി, പതുക്കെ നിക്കറിന്റെ കീശ യിൽനിന്ന് രൂപ പുറത്തെടുക്കാൻ ഭാവിക്കു കയായിരുന്നു. അപ്പോഴാണ് ആരോ:

"എന്താ മാത്തുക്കുട്ടിയേ! തനിച്ചിവിടെ?"

അവൻ തലയുയർത്തി ശബ്ദംകേട്ട സ്ഥല ത്തേക്കു നോക്കി. പാലക്കുന്നിലെ ദേവസ്യാ ച്ചേട്ടന്റെ കെട്ടിയോള് ഏലിച്ചേടത്തി. പടർന്നു പന്തലിച്ചുകിടന്ന പുളിമരത്തിന്റെ വേരിലി രുന്ന് അവർ കുട്ടിക്കു മുലകൊടുക്കുകയായി രുന്നു. അവരെയെന്നല്ല, ആരെയും അപ്പോഴ വിടെ കാണാനിഷ്ടമായിരുന്നില്ലെങ്കിലും, പ്രത്യേകിച്ചൊന്നും ഭാവിക്കാതെ അവൻ പറഞ്ഞു:

"പള്ളീലെ പെരുന്നാള് കൂടുകയായിരുന്നു ചേടത്തീ! വെയിലുകൊണ്ട് മടുത്തു."

അവർ മതിയാക്കാനുള്ള ഭാവമില്ല:

"നീ രാവിലെ മുതലേ ഏതാണ്ടു വിറ്റോണ്ടു നടക്കുന്ന കണ്ടല്ലോ. എന്തോ ആയിരുന്നു?"

ഇവർക്കെന്തെല്ലാമറിയണം? മടുപ്പു കാണി ക്കാതെതന്നെ പറഞ്ഞു:

"നമ്മുടെ ലോട്ടറിക്കടേലെ കുഞ്ഞുവർക്കി ച്ചേട്ടനില്ലേ, പുള്ളിക്കാരൻ കുറെ ടിക്കറ്റു വിറ്റു കൊടുക്കാമോന്നു ചോദിച്ചു. പള്ളിക്കൂടം അട ച്ചിരിക്കല്ലേ? പെരുന്നാളിന്റെ കൂട്ടോം ഒണ്ട ല്ലോ. നോക്കാംന്നു വിചാരിച്ചിറങ്ങീതാ..."

അവർക്കിനീം അറിയണം:

''എന്നിട്ടെന്താ? വല്ലതും ഒത്തോ?'' ഇത്തവണ പ്രകടമായ മടുപ്പോടെതന്നെ പറഞ്ഞു:



“ആ! പത്തുനൂറെണ്ണം വിറ്റു.”

ഏലിച്ചേടത്തിക്ക് സന്തോഷമായി:

“നന്നായി മോനേ! വല്ലോം കിട്ട്യാൽ നിന്റെ തള്ളയ്ക്കു കൊണ്ടു കൊടുക്ക്... അവളെത്ര പാടുപെട്ടാ നിന്നെ വളർത്തുന്നത്. നിനക്കും ഏഴെട്ടുവയസ്സായില്ലേ? അതൊക്കെ അറിയാറായില്ലേ?”

അവരുടെ ആ അനുകമ്പാപ്രകടനവും ഉപദേശവും ഒന്നും അവനത്ര പിടിച്ചില്ല. സ്വന്തം വീട്ടിലെ കാര്യം അവരു പറഞ്ഞുതന്നിട്ടു വേണ്ടേ? ആരും കാണാതിരുന്ന് രൂപയൊന്നെണ്ണിനോക്കാമെന്നു വിചാരിച്ചു വന്നപ്പോഴാ... ദാ! അവരടെയൊരു കിന്നാരം! പതുക്കെ മറ്റൊരിടത്തേക്ക് കടക്കാമെന്നു കരുതി നടക്കാൻ തുടങ്ങുമ്പോൾ ഏലിച്ചേടത്തി കൂട്ടിയുമായി എഴുന്നേറ്റു നടന്നുകൊണ്ടു പറഞ്ഞു:

“ഞാൻ പോവ്വാ! മാത്തുക്കുട്ടീ! ഈ കൊച്ചിന്റപ്പൻ ഇതിലേ വരുകാണെങ്കിൽ ഞാനാ സ്വർണക്കടേടെ മുമ്പില് നിൽക്കുന്നുണ്ടെന്ന് പറഞ്ഞേക്കണേ...”

അവൻ തലയാട്ടി. അവർ അകലെ മറഞ്ഞു കഴിഞ്ഞപ്പോൾ, നിക്കറിന്റെ പോക്കറ്റിൽ നിന്ന് നോട്ടുകളെടുത്ത്, കൽപ്പടിക്കെട്ടിലിരുന്ന് എണ്ണുവാനാരംഭിച്ചു. അഞ്ചു പത്തുരൂപാ നോട്ടുകൾ! കർത്താവേ! ഇത്രേം ഒന്നിച്ചു കാണുന്നതുതന്നെ ആദ്യമാണ്. പോരാഞ്ഞിട്ടിപ്പോൾ സ്വന്തമായി അമ്പതുരൂപ... അഞ്ചു പത്തുരൂപാ നോട്ടുകൾ. ഭദ്രമായി അവനതു പോക്കറ്റിൽത്തന്നെ വെച്ചു. ഇനി...?

എത്ര അപ്രതീക്ഷിതമായിരുന്നു സംഭവങ്ങൾ എന്ന് അവനോർത്തു.

സാധാരണ അമ്മച്ചിയോടൊപ്പം അവൻ ചന്തയിൽ പോകാറില്ല. രാവിലെ സ്കൂളിൽ പോകാനുള്ള ഒരുക്കമായിരിക്കും. സ്കൂളില്ലാത്ത ദിവസമാണെങ്കിൽ, പഴങ്കഞ്ഞീം കുടിച്ച് ചുമ്മാ ഒരു പായയിൽ ചുരുണ്ടുകൂടി കിടക്കും. വഴിയരികിലെ പുറമ്പോക്കിൽ തെങ്ങോലയും പനയോലയും കമുകിൻവാരിക്കമ്പുകളും കൊണ്ടുണ്ടാക്കിയ ഒരു പഴയ കുടിലിലാണ് അവനും അമ്മച്ചിയും കൂടി താമസിക്കുന്നത്. തെങ്ങിൽനിന്നു വീണു മരിച്ചുപോയ അപ്പനെ കണ്ട ഓർമയില്ല. അമ്മച്ചി എന്നും രാവിലെ ചന്തയിലെ കുറെ പീടികകളുടെ മുൻവശവും റോഡുമൊക്കെ തൂത്തു വൃത്തിയാക്കിക്കൊടുക്കും. കടയുടമസ്ഥർ എന്തെങ്കിലും കൊടുക്കുന്നതും വാങ്ങിപ്പോരും. പിന്നെ പാടത്തു പണിയുള്ളപ്പോൾ, കപ്പയ്ക്കും ഇഞ്ചിക്കും പണിയുള്ളപ്പോൾ, അങ്ങനെ എല്ലാ ജോലിക്കും പോകും. അതിൽനിന്നൊക്കെ കിട്ടുന്നതുകൊണ്ടാണ് അമ്മച്ചീം മോനും കഴിഞ്ഞുവരുന്നത്.

അമ്മച്ചി അവനെ സ്കൂളിലയച്ചിരുന്നത് വലിയ സന്തോഷത്തോടെയൊന്നുമായിരുന്നില്ല. ചെറുക്കന് ഏഴെട്ടു വയസ്സായില്ലേ. ഇനി വല്ല പണിക്കുംപോയി തിന്നാനുള്ള വക ഉണ്ടാക്കട്ടെ എന്നായിരുന്നു വിചാരം. അപ്പോഴാണറിഞ്ഞത്, ഉച്ചയ്ക്ക് സ്കൂളിൽ കഞ്ഞി കൊടുക്കും. ഒരു നേരത്തെയെങ്കിൽ അത്രേം എന്നു കരുതി സമ്മതിച്ചെന്നേയുള്ളൂ.

സ്കൂളിലെ എന്തുകാര്യം പറഞ്ഞാലും അമ്മച്ചിക്ക് മനസ്സിലാവില്ല. കേൾക്കാൻ താൽപര്യവുമില്ല. പുസ്തകത്തിന്റെയോ പെൻസിലിന്റെയോ ഉടുപ്പിന്റെയോ എന്താവശ്യം പറഞ്ഞാലും ദേഷ്യമാണ്:

“രണ്ടു വയറ് നിറയ്ക്കാൻതന്നെ ഞാൻ പെടാപ്പാട് പെടുമ്പോഴാ, നിന്റെ ഒരു പുസ്തകോം ഉടുപ്പും...”

തലേന്ന് രാത്രിയിലും അവൻ പറഞ്ഞിരുന്നു, ഷർട്ട് വല്ലാതെ കീറിപ്പറിഞ്ഞതാ. വേറൊരെണ്ണം വേണം. മറ്റുള്ളവർക്കെല്ലാമുള്ളതുപോലെ കേമമൊന്നും വേണ്ട. കീറാത്ത ഒരെണ്ണം.

ഗതികേടുകൊണ്ടായിരിക്കും, അമ്മച്ചി കോപിച്ചു:

“മറ്റുള്ളവർക്കൊക്കെ ആകാം. അവരൊക്കെ ഒള്ളേടത്തെയാ... നീ... നീയേ! നീ വഴിമറിയേടെ മോനാ... അപ്പനില്ലാത്ത കൊച്ചാ.”

വഴിമറിയേടെ മോൻ! അവൻ പിന്നൊന്നും പറഞ്ഞില്ല. പക്ഷേ, വിചാരിച്ചു: രാവിലെ അമ്മച്ചീടൊപ്പം ചന്തേപ്പോണം. നാളെ

പള്ളീൽ പെരുന്നാളാണ്. പീടികക്കാർ പതിവിൽ കൂടുതലെന്തെങ്കിലും അമ്മച്ചിക്കു കൊടുക്കാതിരിക്കില്ല. ആണ്ടിലൊരിക്കലുള്ള വലിയ പെരുന്നാളല്ലേ! അപ്പോൾ കൂടെനടന്ന് സേവപിടിച്ച് കെഞ്ചിക്കിണുങ്ങിയാൽ ഒരു ഷർട്ട്. താണതരം തുണിയിലുള്ള വില കുറഞ്ഞ ഒരു ഷർട്ട്... അതുമതി... അതെങ്കിലും...

അങ്ങനെയാണ് പതിവില്ലാതെ അമ്മച്ചിയോടൊപ്പം രാവിലെ ചന്തയിലെത്തിയത്. അമ്മച്ചിയെ സഹായിച്ചും സേവപറഞ്ഞും കൂടെ നിന്നു. ഒടുവിൽ ജോലിയെല്ലാം കഴിഞ്ഞ്, ചന്തേലെ കിണറ്റിൽനിന്ന് വെള്ളംകോരി അമ്മച്ചി, കൈയും കാലും മുഖവുമൊക്കെ കഴുകിക്കൊണ്ടിരിക്കുമ്പോൾ, അടുത്താരുമില്ലെന്നുറപ്പാക്കിയ ശേഷം അവൻ പറഞ്ഞു:

“അമ്മച്ചീ! ഇന്ന് പെരുന്നാളല്ലേ? പള്ളിപ്പറമ്പ് നിറയെ വെച്ചുവാണിഭക്കാര് വന്നിട്ടുണ്ട്. ഉടുപ്പുകളൊക്കെ വിലകുറച്ചു കിട്ടും. എനിക്കൊരെണ്ണം വാങ്ങിച്ചുതാ അമ്മച്ചീ!”

അമ്മച്ചിയുടെ ശബ്ദം ഉയർന്നത് പെട്ടെന്നായിരുന്നു.

“ഓ, ചെറുക്കന്റെ പൂതി. ഉടുപ്പു വേണം



പോലും! കഞ്ഞികുടിച്ചു കിടക്കാൻ എന്താ വേണ്ടേന്നാ എന്റെ വേവലാതി.”

അവൻ ചുറ്റുംനോക്കി. കൂടെ പഠിക്കുന്നവർ കേട്ടാൽ എന്തൊരു കുറച്ചിലാണ്. ദേഷ്യോം സങ്കടോം കടിച്ചമർത്തി അടക്കിയ സ്വരത്തിൽ അപേക്ഷിച്ചു:

“ഒന്നു പതുക്കെപ്പറ അമ്മച്ചീ!” അമ്മച്ചി ഒന്നുകൂടി ഉച്ചത്തിലാക്കി:

“അതിനു ഞാനിപ്പം മറ്റുള്ളോരു കേക്കാമ്പാടില്ലാത്ത എന്തു ചീത്തവാക്കാ പറഞ്ഞേ. ഉടുപ്പു വേണംപോലും. ജോലിചെയ്തു തള്ളേ പുലർത്തേണ്ട ചെറുക്കനെ പള്ളിക്കൂടത്തി പറഞ്ഞുവിടുന്നതും പോരാ, കർത്താവേ! ഇനി ഇതിന് ഉടുപ്പും ഉണ്ടാക്കിക്കൊടുക്കണോ...”

ഈ ലഹള കേട്ടാണ് കട തുറന്നുകൊണ്ടിരുന്ന കുഞ്ഞുവർക്കിച്ചേട്ടൻ അങ്ങോട്ടു ശ്രദ്ധ തിരിച്ചത്. കിണറിനോട് ചേർന്ന് കിഴക്കുവശത്തായിരുന്നു കുഞ്ഞുവർക്കിച്ചേട്ടന്റെ ലോട്ടറിടിക്കറ്റ് കട. കുഞ്ഞുവർക്കിച്ചേട്ടൻ വിളിച്ചു ചോദിച്ചു:

“രാവിലെ തള്ളേം മോനുംകൂടി എന്താ പുകില്? എന്താ മറിയേ, ചെറുക്കനെന്തു പറ്റി...?”

അമ്മച്ചി പരാതിസ്വരത്തിൽ പറഞ്ഞു:

“കുഞ്ഞുവർക്കിച്ചേട്ടാ ഈ ചെറുക്കന് സ്കൂളിലോട്ടു പോവാൻ ഒരു ഷർട്ടും വേണമെന്ന് പറഞ്ഞ് വാശിയാ. ഞാനെവിടുന്നൊണ്ടാക്കിക്കൊടുക്കും? കഞ്ഞിക്കൊണ്ടാക്കാൻ തന്നെ മടഞ്ഞു മടുത്തു.”

കുഞ്ഞുവർക്കിച്ചേട്ടൻ സഹതാപത്തോടെ പറഞ്ഞു:

“അവൻ പറയുന്നതും ശരിയല്ലിയോ മറിയേ! സ്കൂളിൽ പോവാൻ അവനുടുപ്പുവേണ്ടേ?”

അമ്മച്ചി വിട്ടുകൊടുത്തില്ല:

“വേണോ വേണ്ടയോ, എനിക്കറിയത്തില്ല. എന്റെ കൈയിൽ അഞ്ചാറുരൂപ ഒന്നിച്ചുകിട്ടീരുന്നെങ്കിൽ ഞാനൊരു അലൂമിനിയംകലം വാങ്ങിച്ചേനേ. മൺകലത്തിൽ കഞ്ഞി വെച്ചു

വെച്ചാ അപ്പടി പട്ടി കൊണ്ടുപോവ്വാ. ഓലേ ടെടേക്കൂടെ പാത്തും പതുങ്ങീം കേറി കഞ്ഞീം തീർക്കും കലോം പൊട്ടിക്കും. കർത്താവേ! എത്രയെണ്ണമായീന്നറിയാമോ? പട്ടി പൊട്ടിക്കാത്ത ഒരു പാത്രമാ ഇപ്പോ എനിക്കത്യാവശ്യം. പള്ളിക്കൂടത്തീന്നു വന്നാ ഇവനും വല്ലോം കഴിക്കാൻ വെച്ചേക്കണ്ടതല്ലേ?

അപ്പോൾ കുഞ്ഞുവർക്കിച്ചേട്ടൻ അവനെ അരികിലേക്കു വിളിച്ചു പറഞ്ഞു:

"എടാ മാത്തുക്കുട്ടീ, നിന്റമ്മച്ചി പറയുന്നതും ശരിയല്ലയോ? നീ വിശന്നു ചെല്ലുമ്പോ കഴിക്കാൻ കഞ്ഞി വേണ്ടേ? അതു വെക്കാൻ പാത്രം വേണോ? അതോ ഉടുപ്പു വേണോ?"

അവനൊന്നും മിണ്ടിയില്ല. തന്റെ ഇല്ലായ്മയും വല്ലായ്മയും വേറൊരാൾകൂടി മനസ്സിലാക്കിയതിന്റെ അപമാനവുമായി വീർത്ത മുഖത്തോടെ തല കുനിച്ചു നിന്നു. അവന്റെ ദയനീയമായ നിൽപ്പു കണ്ടിട്ട് അലിവുതോന്നിയിട്ടാവും കുഞ്ഞുവർക്കിച്ചേട്ടൻ പറഞ്ഞു:

"മാത്തുക്കുട്ടീ നിനക്കൊരുടുപ്പ് വാങ്ങിക്കാൻ ഞാനൊരു വിദ്യ പറഞ്ഞുതരാം. വാ, ഇവിടെ വാ."

അയാൾ അവനെ പീടികമുറിക്കകത്തേക്കു പിടിച്ചുകയറ്റി. എന്നിട്ട് ലോട്ടറിടിക്കറ്റിന്റെ ഒരു ബുക്കെടുത്തു കൊടുത്തുകൊണ്ട് പറഞ്ഞു:

"ദാ നോക്ക്, ഇത് നൂറെണ്ണമുണ്ട്. ക്രിസ്മസ് ബംപർ. മനസ്സിലായോ? ഒന്നാം സമ്മാനം പത്തുലക്ഷം, പിന്നേം ഒരുപാട് സമ്മാനങ്ങളുണ്ട്. ഇന്ന് പെരുന്നാളിന് നല്ല ആൾക്കൂട്ടമായിരിക്കും. നീയാ പള്ളിപ്പറമ്പിൽ ചെന്ന് ഇത് വിറ്റാ നിനക്ക് അമ്പതു രൂപാ കമ്മീഷൻ. എന്താ കൊള്ളാമോ? അപ്പോ സ്വന്തം പണം കൊണ്ട് ഉടുപ്പും വാങ്ങിക്കാം. മനസ്സിലായോ?"

അവനാദ്യം ഒന്നും മനസ്സിലായില്ല. പിന്നെ കുഞ്ഞുവർക്കിച്ചേട്ടൻ വിൽക്കാനുള്ള വിദ്യകളും വാക്കുകളും വർത്തമാനങ്ങളും ഒക്കെ പറഞ്ഞുത്സാഹിപ്പിച്ചപ്പോൾ അവനും താൽപര്യമായി.

അമ്മച്ചീം പറഞ്ഞു:

"അങ്ങനെ തന്നത്താൻ വല്ലോം ഉണ്ടാക്കാൻ നോക്ക്..."

അങ്ങനെയാണവൻ രാവിലെ ഇറങ്ങിത്തിരിച്ചത്.

പള്ളിമുറ്റത്തും മുൻവശത്തെ മൈതാനത്തും നിറയെ ആളുകളായിരുന്നു. പെരുന്നാളുകൂടാനും പ്രാർഥിക്കാനും വന്ന സ്ത്രീകളും കുട്ടികളും പുരുഷന്മാരും. പിന്നെ മൈതാനത്തിലെമ്പാടും വെച്ചുവാണിഭക്കാർ നിരത്തിയിരിക്കുന്ന പലവിധ സാധനങ്ങൾ. വളകൾ, കണ്ണാടികൾ, ചീർപ്പുകൾ, കലങ്ങൾ, പാത്രങ്ങൾ, പീപ്പികൾ, മിഠായികൾ, തുണികൾ.

ആ തിരക്കിനിടയിലൂടെ കേറിയും ഇറങ്ങിയും അവൻ നടന്നു. വിളിച്ചുകൂവിക്കൊണ്ടുനടക്കാൻ ആദ്യമൊക്കെ നാണമായിരുന്നു. പിന്നെപ്പിന്നെ കൂസലില്ലാതായി. ഓരോ കുർബാന കഴിഞ്ഞിറങ്ങുന്ന ജനക്കൂട്ടത്തിനു മുമ്പിലും അവൻ ടിക്കറ്റുമായെത്തി. അനുകമ്പകൊണ്ടോ താൽപര്യം കൊണ്ടോ എന്തോ പലരും അതു വാങ്ങി. ഒടുവിൽ വൈകുന്നേരമായപ്പോഴേക്കും ടിക്കറ്റെല്ലാം തീർന്നു കഴിഞ്ഞു. കിട്ടിയ തുകയും രസീതുകുറ്റിയും കുഞ്ഞുവർക്കിച്ചേട്ടന്റെ കൈയിലേൽപ്പിച്ചപ്പോൾ, അയാൾ അഭിനന്ദിച്ചു പറഞ്ഞു:

"മിടുക്കൻ! എടാ മാത്തുക്കുട്ടീ, നീയാ മിടുക്കൻ. ഇനി ആരോടും ചോദിക്കാതെ പോയി ഇഷ്ടമുള്ള ഷർട്ടു വാങ്ങിച്ചോ..."

അയാൾ അമ്പതു രൂപയും നൽകി.

സന്തോഷവും പരിഭ്രമവും എല്ലാംകൂടി നിലയുറയ്ക്കാനാവാതെ ഓടിപ്പോന്നതാണ്. ആരും കാണാതെ ഒന്നുകൂടി എണ്ണിനോക്കണം. ഏതുടുപ്പാണ് വേണ്ടതെന്ന് സ്വസ്ഥമായിരുന്നൊന്ന് ആലോചിക്കണം. പിന്നെ...

അങ്ങനെ വിചാരിച്ചാണ് ആരുമില്ലാത്ത സ്ഥലം നോക്കി ഇവിടെ വന്നത്. നാശം നോക്കണേ! അപ്പോ ഇവിടെ ഏലിച്ചേടത്തി. അവരുടെ ഒരുപദേശം! വല്ലോം കിട്ടിയാൽ തള്ളേടെ കൈയീക്കൊണ്ടു കൊടുക്കണം പോലും!

അമ്മച്ചിക്കെപ്പോഴും ബുദ്ധിമുട്ടാ. ഒരിക്കലും ഒന്നും തികയില്ല. രാവിലെ മുതൽ രാത്രി വരെ അലഞ്ഞുനടന്നു പണിയെടുക്കും. എന്നാലും ഒന്നും കൈയിലുണ്ടാവില്ല. പക്ഷേ, എന്തുണ്ടെങ്കിലും തനിക്കു നിറച്ചു തന്നിട്ട് ബാക്കിയേ കഴിക്കൂ.

എന്നാലും ഈ രൂപയിപ്പോ, അമ്മച്ചിക്ക് കൊടുക്കാമ്പറ്റുമോ? എത്ര നാളായി മോഹിക്കുന്നു. ഒരു പുതിയ ഷർട്ടിന്. ഈ ഇട്ടിരിക്കുന്ന ഒരെണ്ണമേ കഷ്ടിച്ചു കൊള്ളാവുന്നതായുള്ളൂ. ഇതുതന്നെയും എത്ര പഴഞ്ചനാ... ആരും ഒന്നും പറയുകയില്ല. എന്നാലും കൂട്ടുകാരുടെ നോട്ടം കണ്ടാലറിയാം. അവർ ഈ ഷർട്ടിൽ നോക്കുമ്പോൾ തൊലി ഉരിയും.

ഇല്ല, ഒരു പുതിയ ഷർട്ടില്ലാതെ പറ്റില്ല. ഇപ്പോൾത്തന്നെ വെച്ചുവാണിഭക്കാരുടെ കടകളിൽ പോയി നോക്കി നല്ലൊരെണ്ണം വാങ്ങാം.

അവൻ രൂപ ഒരു പ്രാവശ്യം കൂടി എണ്ണി നോക്കി. പിന്നെ പള്ളിമൈതാനത്തെ കടകളിലേക്കു നടന്നു.

നേരത്തേ ടിക്കറ്റു വിറ്റു നടന്ന സമയത്ത് ഇതിനിടയിലൂടെയൊക്കെ എത്രപ്രാവശ്യം നടന്നതാണ്. അപ്പൊഴൊന്നും ഇതൊന്നും കണ്ടിരുന്നതേയില്ലല്ലോ. ആളുകളിലും അവരെക്കൊണ്ടു ടിക്കറ്റു വാങ്ങിപ്പിക്കുന്നതിലും മാത്രമായിരുന്നു, ശ്രദ്ധ. ഇപ്പോൾ അതെല്ലാം കഴിഞ്ഞ് ഒരു ചെറിയ ഷർട്ട് വാങ്ങാമെന്നു മാത്രം വിചാരിച്ചു വന്നപ്പോൾ എന്റെ അഗസ്ത്യാനോസ് പുണ്യാളാ! എന്തോരം സാധനങ്ങൾ! ബിസ്കറ്റുകൾ, മിഠായികൾ... റൊട്ടികൾ... പലജാതി പലഹാരങ്ങൾ. നല്ല വിശപ്പുമുണ്ട്. ഉച്ചയ്ക്കാകെ കഴിച്ചത് രണ്ടുപാത്രം മോരുംവെള്ളം മാത്രമായിരുന്നു. ആരോ ദീനാനുകമ്പക്കാർ സൗജന്യമായി വിതരണം ചെയ്തിരുന്ന മോരുംവെള്ളം. കമുകിൻ പാള കോട്ടിയുണ്ടാക്കിയ പാത്രത്തിൽ രണ്ടുപാത്രം കഴിച്ചു വയർ നിറയ്ക്കുകയായിരുന്നു. എങ്ങനെയും ടിക്കറ്റു വിറ്റുതീർക്കാൻവേണ്ടി ഉടൻതന്നെ ആൾക്കൂട്ടത്തിലേക്ക് ഇറങ്ങുകയും ചെയ്തു. ഇപ്പോൾ, ഈ വൈകിയ വേളയിൽ, പല തട്ടുകളിലെ ചില്ലുകൂടുകൾക്കുള്ളിലായി പ്രദർശിപ്പിച്ചിരിക്കുന്ന പല ജാതി ഭക്ഷണസാധനങ്ങൾ വായിൽ വെള്ളമുണ്ടാക്കുന്നു... എന്നാലും വേണ്ട. അതിനൊന്നും ചിലവാക്കാൻ ഇപ്പോൾ കാശില്ല... വേണ്ട, അവൻ നടന്നു.

കളിക്കോപ്പുകൾ, ബലൂണുകൾ, പന്തുകൾ, ഹായ്! എന്തുരസം! അവയോരോന്നും അവനെ കൈകാട്ടിവിളിക്കുന്നതുപോലെ തോന്നി. ഒരു പന്ത്! ഒരു നല്ല റബർപന്ത്! എന്നും കരിയിലയും കടലാസും കമുകിൻപാളയുടെ ഉള്ളൂരിയും പൊതിഞ്ഞുകെട്ടിയുണ്ടാക്കിയ പന്ന പന്തുകൾകൊണ്ടേ കളിച്ചിട്ടുള്ളൂ. വേണ്ട... ഇപ്പോൾ വേണ്ട... അവൻ തുണിക്കട തേടി നടന്നു. ഒരു നല്ല ഷർട്ട്. അതാണു വേണ്ടത്.

പെട്ടെന്നാണ് കണ്ടത്. പലജാതി പാത്രങ്ങൾ നിരത്തി അടുക്കിവെച്ചിരിക്കുന്ന വമ്പൻ പന്തൽ. പിച്ചള, ചെമ്പ്, ഓട്, അലൂമിനിയം. അങ്ങനെ പലമാതിരി പാത്രങ്ങൾ നിരനിരയായി... ഭംഗിയായി...

ആരും നോക്കിനിന്നുപോകും. അവനും നിന്നുപോയി. എന്തൊരു തിളക്കം! ചന്തം! പതുക്കെ ഓർമ വന്നു. അമ്മച്ചി വിചാരിച്ചത് ഇതുപോലൊരു പാത്രമാകും. ആ വെളുത്തു തിളങ്ങുന്ന... കലം മാതിരിയുള്ള... പട്ടി തട്ടിയുടയ്ക്കാത്ത...

ശരിയാണ്. എത്ര പ്രാവശ്യം കണ്ടിരിക്കുന്നു. സ്കൂളിൽനിന്നു വരുമ്പോ കുടിക്കാനായി അമ്മച്ചി കരുതിവെച്ച കഞ്ഞിയാവും. വരുമ്പോഴെന്താ? കഞ്ഞീമില്ല... കലോമില്ല... ആകെ പൊട്ടിച്ചിതറി, തറയിലാകെ ഒഴുകി...

അമ്മച്ചി പറയും:

"ഈ നശിച്ച നായ്ക്കളുടയ്ക്കാത്ത ഒരു പാത്രം എന്നാണാവോ വാങ്ങാനാവുക."

ഒരിക്കലും സാധിച്ചിരുന്നില്ല. അതിനുള്ള വരുമാനം ഉണ്ടായിട്ടേയില്ല.

കടയുടെ വാതിൽക്കൽ നിന്നു തറച്ചുനോക്കുന്ന ചെറുക്കനെ കണ്ടിട്ടാവും, കടക്കാരൻ ചോദിച്ചു:

"എന്താ, പയ്യനെന്തുവേണം?"

മാത്തുക്കുട്ടി ഞെട്ടി. അവൻ വേറെ ഏതോ ലോകത്തായിരുന്നു. പിന്നെ ഭയസംഭ്രമങ്ങളോടെ കടയുടമയെ നോക്കി. എന്നിട്ട് അറിയാതെ അകത്തെ പാത്രങ്ങളുടെ നിരകളിലൊന്നിലേക്കു വിരൽ ചൂണ്ടി - തന്റെ വീട്ടിലെ കഞ്ഞിക്കലത്തിന്റെ വലിപ്പമുള്ള ഒരു അലുമിനിയംകലത്തിന്റെ നേർക്ക്. കടയുടമസ്ഥൻ അത്ഭുതത്തോടെ കലത്തിലേക്കും പിന്നെ ചെറുക്കന്റെ മുഖത്തേക്കും മാറി മാറി നോക്കി. വിശ്വാസം വരാത്ത ഭാവത്തിൽ ചോദിച്ചു:

"എന്താ? ആ അലുമിനിയംകലമോ?"

അവൻ ഭയത്തോടെ തലയാട്ടി. കടയുടമയ്ക്ക് ഇതൊരു തമാശപോലെ തോന്നി. പാത്രം വാങ്ങാനായി ഒരു പിഞ്ചുബാലൻ! എന്നാലും അയാൾ പാത്രമെടുത്തു തുടച്ച്, തിരിച്ചും മറിച്ചും പരിശോധിച്ചശേഷം തൂക്കിനോക്കി. പിന്നെ അവനു കാണാനെന്നോണം നേരെ നീട്ടി പറഞ്ഞു:

"മുപ്പത്തിയഞ്ചുരൂപ"

മാത്തുക്കുട്ടി പാത്രം വാങ്ങി. പിന്നെ കീശയിൽനിന്ന് നാലു പത്തുരൂപാ നോട്ടുകൾ എടുത്തുകൊടുത്തു. ബാക്കി കിട്ടിയ അഞ്ചു രൂപയും കീശയിലാക്കി നടക്കാനാരംഭിക്കവേ, കടയുടമ പറഞ്ഞു:

"നില്ല് കൊച്ചനേ! പൊതിഞ്ഞു തരാം."

ആ പൊതിയുമായി അവൻ തുണിക്കടകളുടെ മുന്നിലെത്തി. കൈയിലിനി പതിനഞ്ചു രൂപ കൂടി ഉണ്ടായിരുന്നല്ലോ. പലേ കടകളിൽ പരതിയിട്ടും പതിനഞ്ചു രൂപയിലൊതുങ്ങുന്ന ഒരു കുപ്പായം കിട്ടുവാനുണ്ടായിരുന്നില്ല. നേരം ഇരുട്ടായിത്തുടങ്ങുകയും ചെയ്തു. പള്ളിമേടയിൽനിന്ന് അന്തിപ്രാർഥനയുടെ മണിമുഴക്കവും കേട്ടു. ഇനി താമസിച്ചാൽ അമ്മച്ചിക്കു പേടിതുടങ്ങും. പരിഭ്രമിക്കും. കുപ്പായം വാങ്ങാനാവാത്ത നിരാശയോടെ അവൻ നടന്നു. വീട്ടിലേക്കുള്ള വഴിയിലൂടെ കൈയിലെ കലത്തിന്റെ പൊതിയുമായി നടക്കവേ അവൻ ആലോചിച്ചു:

എന്തിനാണീ കലം?

അമ്മച്ചിക്ക് കഞ്ഞിവെക്കാൻ. പക്ഷേ, കഞ്ഞിവെക്കണമെങ്കിൽ അരി വേണ്ടേ? പലപ്പോഴും അതില്ലാതെയും വരാറുണ്ടല്ലോ. ഒടുവിൽ മോഹിച്ച് മോഹിച്ച് അമ്മച്ചീടെ അലൂമിനിയം കലം കിട്ടുമ്പോൾ കഞ്ഞിവെക്കാനൊന്നുമില്ലാതെ വന്നാൽ...?

അവൻ നേരെ മാടപ്പാട്ടുകാരുടെ അരിപ്പീടികയിലേക്കു കയറിച്ചെന്നു. ഉറച്ചസ്വരത്തിൽ പ്രായപൂർത്തി വന്ന ഒരാളെപ്പോലെ, വിൽപനക്കാരനോടാവശ്യപ്പെട്ടു.

"പതിനഞ്ചു രൂപയ്ക്ക് അരി തരണം."

ഈ വിൽപനക്കാരനും ഒരു നിമിഷം അത്ഭുതത്തോടെ നോക്കി.

പതിനഞ്ചുരൂപയ്ക്ക് അരിയോ? അങ്ങനെ യാരും ചോദിക്കാറില്ലല്ലോ. ചോദിക്കുന്ന ആളുടെ ശരീരവലിപ്പവും മുഖത്തെ ഭാവവും സ്വരത്തിലെ ഗൗരവവും കണ്ട വിൽപനക്കാരൻ ചിരിച്ചുകൊണ്ടുതന്നെ അരി തൂക്കി പൊതിഞ്ഞുകൊടുത്തുകൊണ്ടു പറഞ്ഞു:

"ദാ, പതിനഞ്ചുരൂപേടെ അരി."

കീശയിലുണ്ടായിരുന്ന ബാക്കി നോട്ടുകളും എടുത്തുകൊടുത്തിട്ട് അവൻ നടന്നു.

വീട്ടിൽ ചെന്നപ്പോൾ, പൊതി രണ്ടും അമ്മച്ചീടെ കൈയിൽ കൊടുത്തപ്പോൾ, അവർ അതഴിച്ചുനോക്കി സ്തംഭിച്ചങ്ങനെ നിന്നു. പിന്നെ ആ പാത്രത്തിലും അരിയിലും മാറി മാറി നോക്കി പൊട്ടിപ്പൊട്ടിക്കരഞ്ഞു. വിയർത്തൊലിച്ചു തളർന്നുനിന്ന അവനെ കെട്ടിപ്പിടിച്ച് പിന്നെയും കരഞ്ഞു.

ഈ അമ്മച്ചിയ്ക്കെന്താണ്?

അമ്മച്ചി വേണമെന്നു മോഹിച്ചിരുന്ന പാത്രം തന്നെയല്ലേ, ഞാൻ വാങ്ങിയത്...?

എന്താ അമ്മച്ചീ! അമ്മച്ചിയ്ക്കെന്തുപറ്റി...?

**എൻ. മോഹനന്റെ കഥകൾ**

- 'അവന് സന്തോഷം അടക്കാൻ വയ്യാതായി. വിരിഞ്ഞ ചിരിയോടെ ഒരു നിമിഷം കുഞ്ഞുവർക്കിച്ചേട്ടനെ നോക്കിനിന്നു. പിന്നെ റോഡിലേക്കിറങ്ങി ഓടി' - ഇത്തരം ഒരു തുടക്കം കഥയ്ക്ക് നൽകുന്ന കലാപരമായ നേട്ടങ്ങൾ എന്തൊക്കെ?
- ❍ "സ്കൂളിലെ എന്തു കാര്യം പറഞ്ഞാലും അമ്മച്ചിക്ക് മനസ്സിലാവില്ല. കേൾക്കാൻ താൽപര്യവുമില്ല. പുസ്തകത്തിന്റെയോ പെൻസിലിന്റെയോ ഉടുപ്പിന്റെയോ എന്താവശ്യം പറഞ്ഞാലും ദേഷ്യമാണ്."
  - ❍ "മറ്റുള്ളവർക്കൊക്കെ ആകാം. അവരൊക്കെ ഒള്ളേടത്തെയാ... നീ... നീയേ! നീ വഴിമറിയേടെ മോനാ... അപ്പനില്ലാത്ത കൊച്ചാ."
  - ❍ "വീട്ടിൽ ചെന്നപ്പോൾ, പൊതി രണ്ടും അമ്മച്ചീടെ കൈയിൽ കൊടുത്തപ്പോൾ, അവർ അതഴിച്ചുനോക്കി സ്തംഭിച്ചങ്ങനെ നിന്നു. പിന്നെ ആ പാത്രത്തിലും അരിയിലും മാറിമാറി നോക്കി പൊട്ടിപ്പൊട്ടിക്കരഞ്ഞു."

  ഇതര സന്ദർഭങ്ങൾ കൂടി കണ്ടെത്തി മാത്തുക്കുട്ടി എന്ന കഥാപാത്രത്തെക്കുറിച്ച് ഒരു നിരൂപണം തയാറാക്കൂ.
- താൻ ഏറെക്കൊതിച്ച ഉടുപ്പു വാങ്ങാതെ പൊട്ടാത്ത കലവും അരിയും വാങ്ങാൻ മാത്തുക്കുട്ടി തീരുമാനിച്ചതെന്തുകൊണ്ടാണ്? ചർച്ചചെയ്യുക.
- കേരളപാഠാവലിയിലെ 'സഹപാഠികൾ' എന്ന കവിത വായിച്ചുനോക്കൂ. അതിലെ കുട്ടിയുടെയും മാത്തുക്കുട്ടിയുടെയും ജീവിതാവസ്ഥ സമാനമാണോ? ചർച്ചചെയ്യുക.
- വഴിമറിയയുടെ മകന് തന്റെ ജീവിതാഭിലാഷം സഫലീകരിക്കാനാവുന്നില്ല. മറുവശത്ത് സമ്പത്ത് ധൂർത്തടിച്ച് ആഡംബരപൂർവം ജീവിക്കുന്ന ഒരു വിഭാഗവുമുണ്ട്. ഈ അന്തരം നമ്മുടെ സമൂഹത്തിൽ എന്തെല്ലാം പ്രശ്നങ്ങളാണ് സൃഷ്ടിക്കാനിടയുള്ളത്. വിവിധ സ്രോതസ്സുകളിൽ നിന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ഒരു എഡിറ്റോറിയൽ തയാറാക്കാം. അതിനായി 'സമുദായങ്ങൾക്ക് ചിലതു ചെയ്യുവാനുണ്ട്' എന്ന ലേഖനം കൂടി വായിക്കുക.

# സമുദായങ്ങൾക്ക് ചിലതു ചെയ്യുവാനുണ്ട്

**എം.എൻ. വിജയൻ**



ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ന് അയാൾതന്നെ പറയുന്നു. ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നു. ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്. ആളുകൾക്കോ വീടുകൾക്കോ ചരിത്രത്തിനോ ഉന്മാദം വരാം. ഉന്മാദത്തിൽ ശരി മാത്രമേ ഉള്ളൂ. തെറ്റും തോൽവിയും ഇല്ല. അസാധ്യം എന്ന ഒരു വാക്കില്ല. ഉണർവും മത്സരവും ഏറിയ നമ്മുടെ സമുദായത്തിൽ അതുകൊണ്ട് ആർഭാടത്തിന്റെ ഉന്മാദം വർധിച്ചുവരുന്നു. Beg, borrow or steal എന്നതാണ് മുദ്രാവാക്യം. കടക്കെണിയായി, കളവും കൊള്ളയുമായി തെരുവുകളിലും രാജനീതിയിലും ഇത് പ്രത്യക്ഷപ്പെടാം. മൂലയ്ക്കായിപ്പോകുന്ന മനുഷ്യരുടെയും രാജ്യങ്ങളുടെയും പ്രതികരണം, നിറവേറ്റാത്ത മോഹം, പ്രണയത്തെപ്പോലെ നിങ്ങളെ ആത്മഹത്യയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരുവാണ് നിരോധിച്ചത്. ആർഭാടത്തിനെതിരായ നമ്മുടെ ആദ്യത്തെ ശബ്ദം. ആരാധനയെപ്പോലും ഗുരു നിരാഡംബരമാക്കി. പാവങ്ങളുടെ മോഹങ്ങളെ അറിവിലേക്കും വ്യവസായത്തിലേക്കും തിരിച്ചുവിട്ടു. ഇന്നും സമുദായസംഘടനകൾക്ക് ഇക്കാര്യത്തിൽ പലതും ചെയ്യാൻ കഴിയും. പക്ഷേ, അവർക്ക് ഇച്ഛാശക്തി നഷ്ടപ്പെട്ടിരിക്കുന്നു. ഉള്ളവന് ആർഭാടമാകുന്നു സ്വന്തം തെളിവ്. പതിനൊന്ന് ആനയുള്ള ദൈവം ആനയില്ലാത്ത മറ്റു ദൈവങ്ങളേക്കാൾ എത്രയോ വലിയവൻ. മത്സരിക്കുന്ന പാവങ്ങൾ പതുക്കെ പാപ്പരായിത്തീരും. അവർക്കു മാത്രമായി മീനിന്റെ വില കുറയുകയുമില്ല. ആർഭാടത്തിനുള്ള ചെലവും മാറുകയില്ല. ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു. സമുദായസ്ഥാപനങ്ങൾക്ക് മാത്രമേ ഇപ്പോൾ ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്കു ഇറക്കിക്കൊണ്ടുവരാൻ കഴിയൂ. ഇത് സർക്കാരിന്റെയോ രാഷ്ട്രീയക്കാരന്റെയോ തട്ടകമല്ല. ആചാരങ്ങളുടെ സ്വത്വവൈകാരിക തലമാകുന്നു. അതുകൊണ്ട് ഇപ്പോൾ നേതൃത്വം വിപരീതങ്ങളെ ആദർശവൽക്കരിക്കണം.

**എം.എൻ. വിജയന്റെ**
**സമ്പൂർണകൃതികൾ-സംസ്കാരം-2**

- ‘ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു’ - ഈ വാക്യത്തിന്റെ അർഥവ്യാപ്തി കണ്ടെത്തുക.
- 
  - ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്.
  - “Beg, Borrow or Steal എന്നതാണ് മുദ്രാവാക്യം”- ഇത്തരം നിരീക്ഷണങ്ങൾ ഇന്നും പ്രസക്തമാണോ? തെളിവുകൾ കണ്ടെത്തി അവയ്ക്കു പിന്നിലുള്ള പ്രേരണകൾ വിശകലനം ചെയ്യൂ.

# വീഡിയോമരണം

അയ്യപ്പപ്പണിക്കർ



"അമേരിക്കയിൽ നിന്ന് ഫോക്സ് വന്നിരിക്കുന്നു, ചേച്ചീ."

"ഫോക്സോ? കുറുക്കനോ? വല്ല ക്ലിന്റണോ മറ്റോ ആണോന്നു നോക്ക്."

"അല്ല ചേച്ചീ. ക്ലിന്റണച്ചായനെ എനിക്കറിയില്ലേ? ഇതു ടെലഗ്രാം പോലെ എന്തോ ആണത്രെ."

"നോക്കട്ടെ, ങ്ആ ഇതു ചേട്ടന്റെ കത്താണല്ലോ. നീ വായിക്ക്."

"മൈ ഡിയർ സരോ,

നമ്മുടെ മദറിന് കൂടുതലാണെന്നറിഞ്ഞു. പക്ഷേ, ഇവിടെ ഇപ്പോൾ ചാറ്റൽമഴയാണ്. അമേരിക്കൻ ചാറ്റൽമഴയെപ്പറ്റി നിനക്കറിഞ്ഞുകൂടല്ലോ. ചാറ്റൽമഴ കാരണം നാട്ടിലേക്കു വരാൻ പറ്റുകയില്ല, അതുകൊണ്ട് മദറിന്റെ അവസാനനിമിഷങ്ങൾ വീഡിയോ എടുത്ത് അയച്ചുതരണം. അന്ത്യശ്വാസം വലിക്കുന്നതും പിന്നെ നമ്മുടെ രീതിയിലുള്ള ഫ്യൂണറലും മറ്റും ഞങ്ങളുടെ ഇവിടുത്തെ ഫ്രെൺസിന് വളരെ ഇഷ്ടപ്പെടും. ഇൻഡ്യൻ മാര്യേജ്, ഇൻഡ്യൻ വെഡിംഗ് റിസപ്ഷൻ, ഡിവോഴ്സ്, സതി എല്ലാം അവർ കണ്ടിട്ടുണ്ട്. ശ്വാസം മാറിവീഴുന്നതും ഊർധ്വൻ വലിക്കുന്നതും പിന്നെ മറ്റു ചടങ്ങുകളും... കുളിപ്പിക്കൽ, കോടിയിടൽ, വായ്ക്കരി, ബലി, ദഹിപ്പിക്കൽ, കുടമുടയ്ക്കൽ... എല്ലാം കാണാൻ അവർ കാത്തിരിക്കുകയാണ്. പിന്നെ, ബ്ലാക്ക് ആന്റ് വൈറ്റും കളറും പ്രത്യേകം വേണം. മാരിലീന് ബ്ലാക്ക് ആന്റ് വൈറ്റാണിഷ്ടം. കളറില്ലാതെന്തു ഡെത്ത്-കം-ഫ്യൂണറൽ എന്നാണ് ജാകിലിൻ ചോദിക്കുന്നത്. അതുകൊണ്ട് വീഡിയോക്കാരനെ നേരത്തേ റിസർവ് ചെയ്യണം. സമയത്ത് അയാളെ കിട്ടിയില്ല, അമ്മ പറ്റിച്ചു എന്നൊന്നും പറയരുത്. നല്ല കാസറ്റ് വേണമെങ്കിൽ ഇവിടെനിന്നയച്ചുതരാം. മഴയില്ലാതിരുന്നെങ്കിൽ ഞാൻ തന്നെ വന്നേനെ. നല്ല കാസറ്റുവേണം. പലരേയും കാണിക്കാനുള്ളതാ. 'The last moments of an Indian mother' എന്ന പേരും കൂടി എഴുതിയേക്ക്. വെഡിംഗ് ആണെന്നു തെറ്റിദ്ധരിക്കണ്ട. മരണമന്വേഷിച്ചു വരുന്നവരെ ഒന്നും വിട്ടുകളയരുത്. വല്ലോരും കരയുന്ന സീനെടുത്ത് വീഡിയോ നനയ്ക്കരുത്. ക്രിസ്തുമസ്... ഫ്രെൺസെല്ലാം വരും വീഡിയോ കാണാൻ. അതിനു മുമ്പ് അയയ്ക്കണം. ശേഷം വീഡിയോ കിട്ടിയിട്ട്. അമ്മയോട് ഒന്ന് അഡ്ജസ്റ്റ് ചെയ്യാൻ പറയണം. ക്രിസ്മസിന് മുമ്പുതന്നെ. ചാറ്റൽമഴയുടെ കാര്യം അമ്മയെ അറിയിക്കണം. ടേക് കെയർ.

അമേരിക്കൻ ചേട്ടൻ"

**അയ്യപ്പപ്പണിക്കരുടെ കൃതികൾ-1990-99**

- ❍ മദറിന്റെ അവസാന നിമിഷങ്ങൾ വീഡിയോ എടുത്ത് അയച്ചുതരണം.

  ❍ വല്ലോരും കരയുന്ന സീനെടുത്ത് വീഡിയോ നനയ്ക്കരുത്.

  ❍ അമ്മയോട് ഒന്ന് അഡ്ജസ്റ്റ് ചെയ്യാൻ പറയണം.

  ഇത്തരം പ്രയോഗങ്ങൾ ജീവിതത്തെക്കുറിച്ചുള്ള വ്യത്യസ്തമായൊരു മനോഭാവം വ്യക്തമാക്കുന്നില്ലേ? ചർച്ചചെയ്യുക.

- ഈ രചനയിൽ തെളിയുന്ന പരിഹാസം ശ്രദ്ധിച്ചല്ലോ. അതിനെ അടിസ്ഥാനമാക്കി ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.

- ആർഭാടരഹിതമായ ജീവിതത്തെക്കുറിച്ചുള്ള സന്ദേശമാണ് മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും മുന്നോട്ടുവെച്ചത്. അവരുടെ ചിന്തകൾ കണ്ടെത്തി ഒരു ഉപന്യാസം തയാറാക്കുക.

# ഗുരുകുലം

സേതു

ഗുരുകുലവാസം കാലംകൂടുന്ന ദിവസമായിരുന്നു. നീണ്ടകാലത്തെ പരിശീലനത്തിനും പഠനത്തിനും ശേഷം ശിഷ്യന്മാർ പിരിഞ്ഞുപോകുകയാണ്. ബിരുദങ്ങൾ കൈപ്പറ്റിയ ശേഷം അവർ ഗുരുവിനോട് യാത്രപറയാൻ ചെന്നു.

ഗുരു മഹേഷ്പ്രസാദ്ജി വളരെ വലിയ സന്തോഷത്തിലായിരുന്നു. ഇക്കണ്ട കാലത്തിനിടയിൽ കാണാൻ കിട്ടിയ ഏറ്റവും മിടുക്കന്മാരുടെ ബാച്ചാണ് ഇന്ന് ആശ്രമം വിട്ടുപോകുന്നത്. ഇവർ തന്റെ കീർത്തി ലോകമാകെ പരത്തും. കേട്ടറിഞ്ഞ് നാനാദേശങ്ങളിൽനിന്നുമായി അടുത്ത കോഴ്സിലേക്ക് ഒട്ടേറെ മിടുക്കന്മാർ വന്നെത്തും.

അകത്തളത്തിൽ പട്ടുവിരിച്ച പീഠത്തിൽ നീണ്ട താടിയും നീണ്ട മുടിയും ഉഴിഞ്ഞുകൊണ്ട് ഗുരുവങ്ങനെ ഇരുന്നു.

ശിഷ്യന്മാർ ഓരോരുത്തരായി ചെന്നു. കുമ്പിട്ടു വണങ്ങി. ഗുരുദക്ഷിണ വച്ചു. സാഷ്ടാംഗം നമസ്കരിച്ച് ആശീർവാദം നേടി.

നെറുകയിൽ കൈവച്ച് ഓരോരുത്തരെയായി ഗുരു അനുഗ്രഹിക്കുകയായി.

"മിടുക്കൻ, സന്തോഷായീട്ടോ, പുറത്തുപോകുമ്പോൾ ഇവടത്തേക്കാൾ മിടുക്ക് കാണിക്കണം ട്ടോ."

ശിഷ്യന്മാർ പലമട്ടിൽ തലയാട്ടി.

പൊതുവായ ചില ഉപദേശങ്ങളൊക്കെ കൊടുത്ത് അവരെ യാത്രയാക്കിയിട്ട് മഹർഷി മഹേഷ്പ്രസാദ്ജി വിശ്രമമുറിയിലേക്ക് വലിഞ്ഞു.

ഉരുളൻ തലയിണയിൽ ചാരി കാലും നീട്ടിയിരുന്ന് ഒരിക്കെ മുറുക്കാൻ മഹർഷി തയാറെടുക്കുമ്പോൾ മൂന്നു ശിഷ്യന്മാർ പതുങ്ങിപ്പതുങ്ങി അകത്തേക്കു കടന്നുവന്നു.

മഹർഷിയുടെ മുഖം തെളിഞ്ഞു. ഇവർ തനിക്ക് ഏറ്റവും പ്രിയപ്പെട്ടവർ. ഭാവിയിൽ തന്റെയും ഗുരുകുലത്തിന്റെയും പേര് സൂക്ഷിക്കേണ്ടവർ. മിടുക്കും താൻപോരിമയും ഉള്ളവർ.

"എന്താ കുട്ട്യോളേ, യാത്രയായി അല്ലേ?" ഗുരുജിയുടെ മുഖത്ത് ഓളംവെട്ടുന്ന വാത്സല്യം.

അവർ മരപ്പാവകളെപ്പോലെ തലയാട്ടി.

"ഇനിയെന്താ നിങ്ങടെ പ്ലാൻ?"

"അങ്ങനെ വിശേഷിച്ചൊന്നും തീരുമാനിച്ചിട്ടില്ല." ഒന്നാമൻ തലചൊറിഞ്ഞു.

"അങ്ങയോട് ചോദിക്കാമെന്നും കരുതി."

"എന്നാലും അങ്ങനെയല്ലല്ലോ. എന്തെങ്കിലുമൊക്കെ കണക്കുകൂട്ടല് കാണില്ലേ ഉള്ളില്.



അല്ലെങ്കിത്തന്നെ ഞാനെന്തു പറഞ്ഞു തരാനാണ്?"

"അങ്ങനെ ചോദിച്ചാല്-" രണ്ടാമൻ പറഞ്ഞു നിറുത്തി.

"പറഞ്ഞോളൂ." ഗുരു പ്രോത്സാഹിപ്പിച്ചു.

"എൻട്രൻസ് പരീക്ഷകള്, സിവിൽസർവീസ്, സി.എ, വക്കീൽപ്പണി-അങ്ങനെ എന്തൊക്കെ കിടക്കുന്നു വഴികള്, മിടുക്കന്മാർക്ക്. അല്ലാ, വേറേം വഴികള് കാണും നിങ്ങൾക്കു സ്വന്ത മായിട്ട്."

ശിഷ്യന്മാർ മുഖത്തോടുമുഖം നോക്കുക യായി.

"പറഞ്ഞോളൂ. അശ്ശേഷം മടിക്കണ്ടാ ട്ടോ."

"ഗുരുജി - അത്" മൂന്നാമൻ തലചൊറിഞ്ഞു.

"അതായത്, എന്തിനാ മടിക്കണത്? ഇവിടെ ഞാൻ മാത്രമല്ലേ ഉള്ളൂ. എന്റടുത്ത് പറയാ മല്ലോ നിങ്ങൾക്ക്."

അപ്പോഴേക്കും പുറകിൽനിന്ന ഗുരു പത്നിയും പിന്താങ്ങി.

"പറഞ്ഞോളൂ കുട്ട്യോളേ."

അതവർക്ക് ഒരു താങ്ങായി. തങ്ങൾ അമ്മ യെപ്പോലെ ശുശ്രൂഷിച്ചു സേവിച്ച ഗുരുപത്നി യാണ് പറയുന്നത്. അവർക്കറിയാത്ത ഒരു രഹസ്യവും തങ്ങൾക്കില്ലല്ലോ.

"ഗുരുജി, അത്-" മൂന്നാമൻ മടിച്ചുമടിച്ചാണ് പറഞ്ഞു തുടങ്ങിയത്: "തൊഴിൽ എന്നതാ യാലും നാല് ചക്രം ഉണ്ടാക്കാൻ പറ്റണം. ചക്ര മൊണ്ടേലേ നാട്ടിലൊരു വെല കാണ ത്തൊള്ളൂ."

ഗുരു ഒന്നു ഞെട്ടി. ശിഷ്യൻ തുടരുകയാ യിരുന്നു.

"മോഹം എന്നതാന്നു വച്ചാൽ ഒരു നൂറ്റമ്പ തേക്കറ് റബ്ബറ്. പിന്നെ കൊറെ മൊളകും ഏലവും ജാതിയും. ഒത്താൽ ഓരേക്കറ് തെങ്ങിൻതോപ്പുകൂടി. വലിയ പൂതിതന്നെ. നടക്കുമോന്ന് അറിയത്തില്ല."

"എന്താ അഗ്നിശർമാ നീയീ പറയണത്?"

ഗുരുജിയുടെ ഒച്ചപൊങ്ങി: "നിങ്ങളെയൊക്കെ ഞാൻ പഠിപ്പിച്ചുവിട്ട വേദോപനിഷത്തുകള്, നിങ്ങളുതന്നെ കാണാപ്പാഠം ചൊല്ലിക്കുന്ന ഒട്ടേറെ സാരോപദേശകഥകള്. അവ യൊക്കെ-"

"അതൊക്കെ ശരിയാ ഗുരുജി. പഠിക്കാൻ കൊള്ളാം. പക്ഷേ, പ്രയോഗിക്കാൻ കൊള്ള ത്തില്ല. നാടോടുമ്പോൾ കൊച്ചുപിച്ചാത്തിയു മായി കുറുകെ ഓടണം എന്നല്ല്യോ പഴമ്പു രാണം."

ഗുരുവിന്റെ മുഖം ചുവന്നു തുടുക്കുന്നതു കണ്ടപ്പോൾ മറ്റു രണ്ടു ശിഷ്യന്മാർ മൂന്നാമനെ തടഞ്ഞു. അവൻ പൊടുന്നനെ നിറുത്തി.

"എന്നാലും ഇത്രയ്ക്ക് വേണ്ടായിരുന്നുട്ടോ, അഗ്നിശർമാ, നിന്നിൽനിന്ന് ഞാനിത് പ്രതീ ക്ഷിച്ചതല്ല." ഗുരുവിന്റെ തൊണ്ട ചെറുതാ യൊന്ന് ഇടറി.

"ഗുരുജീ, അത്-" ഒന്നാമൻ വിശദീകരിക്കാൻ നോക്കുകയായിരുന്നു. "അങ്ങേക്ക് നന്നായ റിയാല്ലോ, ഇവൻ എടുത്തുചാട്ടക്കാരനാ ണെന്ന്. പക്ഷേ, അവൻ പറഞ്ഞതിന്റെ പൊരുള്, ഏതൊരു ഇടുക്കി ജില്ലക്കാരനെ യുംപോലെ അവനും മെയ്യനങ്ങി അധ്വാനിച്ച് ധനസമ്പാദനം നടത്താൻ പോകുന്നു എന്നത് മാത്രമാണല്ലോ. അതവന് അറിയാ വുന്ന വഴി."

ഗുരുജി അത് വിശ്വസിച്ചില്ല. പക്ഷേ, ഒന്നു മാത്രം മനസ്സിലായി. ഇവരുടെയൊക്കെ ഒച്ചയും മട്ടും മാറിയിരിക്കുന്നു. നിവർന്നു നിന്ന് തന്റെ മുഖത്തേക്ക് നോക്കാൻകൂടി പേടിച്ചിരുന്ന കുട്ട്യോളാണ്. ഇപ്പഴെന്താ, ബിരുദം കൈയിലായപ്പോ മര്യാദയെന്ന് പറ യണത് ഗുരുവിനോടുപോലും വേണ്ടാന്നാ യിരിക്കുന്നു. തനിക്ക് സ്വപ്നത്തിൽപ്പോലും നിരൂപിക്കാൻ കഴിയാത്ത വഴികളാണല്ലോ അവരുടെ മുമ്പിൽ.

"ആയ്ക്കോട്ടെ." ഗുരു വെറുതെ തലയാട്ടി ക്കൊണ്ട് ഒന്നാമന്റെ നേർക്കു നോക്കി. "ആട്ടെ, നീയോ? എന്താ നിന്റെ പരിപാടി?"

തന്റെ ഊഴമായപ്പോൾ ഒന്നാമനും പരുങ്ങി. രണ്ടാമന്റെ മുഖത്തേക്ക് തെല്ലൊരു

ശങ്കയോടെ പാളിനോക്കി. അവർ കൈകാട്ടി ധൈര്യം കൊടുത്തിട്ടും തൊണ്ടയനങ്ങുന്നില്ല, ഒച്ച പൊങ്ങുന്നില്ല.

"പറഞ്ഞോളൂ, വിഷ്ണുഗുപ്താ, എന്തിനാ മടിക്കണേ?" ഗുരുജി അവന്റെ പുറത്തു തട്ടി.

പെട്ടെന്ന് ഒറ്റമൂച്ചിൽ ഒന്നാമൻ പറഞ്ഞു:

"എനിക്ക് ജനങ്ങളെ സേവിക്കണം, ഗുരുജീ."

"നന്നായി, അസ്സലായിട്ടോ. എനിക്കു തൃപ്തിയായി." ഗുരുവിന്റെ മുഖം വിടർന്നു.

"ഒരു ശിഷ്യനെങ്കിലുമുണ്ടല്ലോ എന്റെ പേര് നിലനിർത്താനായി. ജനസേവയെന്ന് പറയണത് എത്രയോ പവിത്രമായ കർമമാണ്."

അപ്പോഴേക്കും മൂന്നാമൻ ഇടയിൽക്കയറി പറയുകയായി:

"ഗുരുജീ, ഇത് വെറുമൊരു നമ്പറാ. ഇവന്റെ ഉള്ളിലിരിപ്പ് പെശകാ. ജനങ്ങളെ സേവിക്കുകാന്ന് പറഞ്ഞാല് ഇവൻ രാഷ്ട്രീയത്തില് ഇറങ്ങാൻ പോകുവാന്നാ അർഥം, അതൊരു കോഡ് വാക്കാണ്. ഇപ്പള്, സേവിക്കുകാന്നാ ഉടലോടെ വിഴുങ്ങുവാന്നാ അർഥം."

"ശിവ! ശിവ! ആശ്രമവാസത്തിനുശേഷം രാഷ്ട്രീയോ? നേരെ മറിച്ചല്ലേ വേണ്ടത്? എന്താ ഞാനീ കേക്കണത്!"

കേട്ടത് ശരിയാണെന്ന മട്ടിൽ തലകുനിച്ച് ഒന്നാമൻ വീണ്ടും പിറുപിറുത്തു:

"എനിക്ക് ജനങ്ങളെ സേവിക്കണം ഗുരുജീ."

ഗുരുജി പിന്നീടൊന്നും പറഞ്ഞില്ല. മുഖം തിരിച്ച് രണ്ടാമന്റെ നേർക്ക് നോക്കി.

"വത്സാ, നീയോ?"

"എന്റെ മോഹം പറഞ്ഞാല് ഗുരുജി ദേഷ്യപ്പെടരുത്. എന്റെ വഴി എപ്പോഴും വേറെയാണല്ലോ."

"ഇത്ര്യൊക്കെ കേട്ടിട്ട് എനിക്ക് ദേഷ്യംവന്നില്ലല്ലോ. നീയും പറഞ്ഞോളൂ. ഒന്നും തോന്നില്ല എനിക്ക്. അത്രയ്ക്ക് അലങ്കോലമായിരിക്കണു മനസ്സ്."

"എനിക്കൊരു ചട്ടമ്പിയാകണം ഗുരുജീ." രണ്ടാമൻ പറഞ്ഞു.

"ചട്ടമ്പിസ്വാമികളോ?"

"അല്ല, മഹാരാജ്, വെറുമൊരു നാടൻ ചട്ടമ്പി. ഒരുഗ്രൻ അഭ്യാസി. പതിനെട്ടടവുകളും പഠിച്ച ശൂരവീരശിങ്കം. എന്റെ പേര് കേട്ടാൽ നാടും നാട്ടാരും നാട്ടുക്കരചനും വിറകൊള്ളണം. ഏഴകൾക്കോ തോഴൻ. മുതലാളിപ്പെരുച്ചാഴികൾക്ക് കാലൻ."

"ഒരു ടിപ്പിക്കൽ തമിഴൻ ഹീറോ കഥാപാത്രം, അല്ലേ?" ഗുരു ചിരിച്ചു.

"ഓ, അങ്ങന്യൊന്നുമില്ല മഹാരാജ്." രണ്ടാമൻ മഞ്ഞച്ചിരിയോടെ തലചൊറിഞ്ഞു.

"വെറുമൊരു പൂതിയാണ് അടിയന്റേത്. അവിടത്തെ അനുഗ്രഹമുണ്ടെങ്കിൽ ശരിയാവാതിരിക്കില്ല."

മഹർഷി മഹേഷ്പ്രസാദ്ജി ഒരുനിമിഷം കണ്ണടച്ചിരുന്നു. എത്രയോ വർഷങ്ങളായി ഈ ഗുരുകുലം നടത്തുന്നു. എത്രയോ ബാച്ചുകളായി ശിഷ്യന്മാർ പുറത്തുപോയിരിക്കുന്നു. അവരെല്ലാം ലോകമെമ്പാടും പടർന്നുപന്തലിച്ച് ഈ ഗുരുകുലത്തിന്റെയും ഗുരുവിന്റെയും പ്രശസ്തി പരത്തിക്കൊണ്ടിരിക്കുന്നു. നല്ല കുട്ടികൾ. നല്ല വിജയശതമാനം. നല്ല അച്ചടക്കം. ഒരുപാട് റാങ്കുകൾ.

പക്ഷേ, ഇപ്പോഴോ?

ഒരു സ്ഥാപനത്തിന് പേരുദോഷമുണ്ടാകാൻ വളരെ ചെറിയൊരു കാരണം മതി.

ഇന്നാദ്യമായി കുട്ടികൾ എന്റെ മുഖത്തുനോക്കി കാര്യങ്ങൾ വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്നു. അവരുടെ സത്യസന്ധത സമ്മതിച്ചു കൊടുക്കാതെ വയ്യ. ഒന്നുമല്ലെങ്കിലും പേടിക്കാതെ സത്യം പറയാനെങ്കിലും അവർ ഇവിടന്ന് പഠിച്ചുവല്ലോ.,

"എനിക്കൊന്നും പറയാനില്ല കുട്ട്യോളേ." മഹർഷി പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു: "നിങ്ങളുടെ മോഹങ്ങൾ നിങ്ങള് പറഞ്ഞു. അതിൽനിന്ന് നിങ്ങൾ പിന്മാറില്ലെന്ന് എനിക്കുറപ്പാണ്. ആ നിലയ്ക്ക് നിങ്ങളെ അനുഗ്രഹിച്ചയയ്ക്കുക മാത്രമാണല്ലോ എന്റെ കർമം. നിങ്ങൾക്ക് നല്ലത് വരട്ടെ. ജഗദീശ്വരൻ നിങ്ങൾക്ക് നല്ല വഴി കാണിച്ചുതരട്ടെ."

അവരുടെ നെറുകയിൽ കൈവച്ച് അനുഗ്രഹിക്കുമ്പോൾ ഗുരുജിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഭാണ്ഡങ്ങളുമായി അവർ ആശ്രമമുറ്റത്തേക്കിറങ്ങുമ്പോൾ ഗുരുജി ഒരു കാര്യം മാത്രം പറഞ്ഞു:

"മൂന്നാണ്ട് തികയുന്ന നാൾ നിങ്ങൾ വരണം. എന്നിട്ട് നിങ്ങൾക്കുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വിശദമായിട്ട് പറയണം. അതനുസരിച്ച് ഞങ്ങടെ സിലബസ്സില് വേണ്ട മാറ്റങ്ങൾ വരുത്താമല്ലോ. അല്ലെങ്കിലും പാഠ്യപദ്ധതീല് കാലാകാലായിട്ട് പരിഷ്കാരം ആവശ്യം തന്നെ."

അവർ തലയാട്ടി സമ്മതിച്ചു. ഒരിക്കൽക്കൂടി ഗുരുവിനെ വണങ്ങി തിടുക്കംപിടിച്ച് യാത്രയായി.

നാളുകൾ കടന്നുപോയി. ഗുരുജി കാത്തിരിക്കുകയായിരുന്നു, തന്റെ സമർഥരായ ശിഷ്യന്മാരുടെ വിശേഷങ്ങൾക്കായി.

ഒടുവിൽ അവർ വന്നു.

പറഞ്ഞതുപോലെ, മൂന്നാണ്ട് തികയുന്ന നാളിൽത്തന്നെ.

മഹർഷിയെ ഉച്ചമയക്കത്തിൽനിന്ന് ഉണർത്തിക്കൊണ്ട് ഒരു കൂറ്റൻ കാറ് ആ മുറ്റത്തു വന്നുനിന്നു. ആചാരവേഷങ്ങളണിഞ്ഞ സാരഥിയും തോക്കേന്തിയ അംഗരക്ഷകനും ചാടി പുറത്തേക്കിറങ്ങി കാറിന്റെ പിൻവാതിൽ തുറന്നുകൊടുത്തു. അതിൽനിന്ന് വിചിത്രമായൊരു രൂപം പുറത്തേക്കിറങ്ങി.

ഉറക്കംപോയതിലുള്ള ഈർഷ്യയോടെ വരാന്തയിലേക്കിറങ്ങി വന്ന ഗുരുജി കണ്ണുമിഴിച്ചു നോക്കിനിന്നു.

ഗുരുപത്നി പിളർന്ന വായോടെ നോക്കിനിന്നു.

കോലാഹലം കേട്ട് ഓടിക്കൂടിയ മുനിശിഷ്യന്മാർ അന്തംവിട്ട് നോക്കി നിന്നു. മാൻപേടകളും ആശ്രമപ്പക്ഷികളും കാതോർത്തു.

വലിയ പൊക്കവും ഒരുപാട് തടിയുമുള്ള ഒരു വിചിത്രരൂപം. വട്ടമുഖം. തുറന്നുപിടിച്ച വായ നിറയെ തള്ളിനിൽക്കുന്ന മഞ്ഞപ്പല്ലുകൾ, സിൽക്ക് ജൂബ്ബാ, സിൽക്ക് മുണ്ട്, ഉടലാകെ പൊൻമയം, തൊഴുതുപിടിച്ച കൈകൾ.

രൂപം ആൾക്കൂട്ടത്തെ മാറിമാറി തൊഴുതിട്ട്, ആടിയാടി കോലായിലേക്ക് വലിഞ്ഞുകയറി.

മഹർഷി മഹേഷ്പ്രസാദ്ജി തെല്ലൊരു ഭീതിയോടെ പുറകോട്ട് രണ്ടു ചുവടു വച്ചു. പിന്നെ കണ്ണെടുക്കാനാവാതെ വീണ്ടും വീണ്ടും നോക്കുകയായി.

"പേടിക്കേണ്ട ഗുരുജി. ഇത് ഞങ്ങൾതന്നെയാണ്." സത്വത്തിന്റെ പിളർന്ന വായിൽനിന്ന് ഒന്നാമന്റെ ശബ്ദം കേട്ടു.

ഗുരുജി അന്തംവിട്ട് നോക്കുകയായിരുന്നു.

ഒന്നാമന്റെ ശബ്ദം. രണ്ടാമന്റെ ശരീരം. അപ്പോൾ മൂന്നാമനെവിടെ?



"അതേ, ഗുരുജീ, ഞങ്ങൾ മൂന്നുപേരും ഒന്നായിരിക്കുന്നു. അല്ലെങ്കിൽത്തന്നെ വേറിട്ടുനിന്നിട്ട് എന്തുകാര്യം? ഐകമത്യം മഹാബലം എന്നല്ലേ അങ്ങ് പഠിപ്പിച്ചു തന്നിട്ടുള്ളത്. പിന്നെ ഇത് കൂട്ടുകക്ഷിസിദ്ധാന്തത്തിന്റെ കാലമാണല്ലോ."

"രണ്ടുപേരെ മനസ്സിലായി. അപ്പോൾ മൂന്നാമൻ അഗ്നിശർമനോ?"

"അവൻ കുരുട്ടുബുദ്ധിയായി ഈ ശരീരത്തിൽ കുടിയേറിയിരിക്കുന്നു, മഹാരാജ്."

ആദ്യമൊന്ന് പകച്ചുപോയെങ്കിലും പിന്നീട് ഗുരുജി തെല്ലുനേരം കണ്ണടച്ചുനിന്നു. പതിയെ കണക്കുകൂട്ടിനോക്കി.

ചട്ടമ്പിയുടെ ഉറച്ച ശരീരം. ദേശസേവകന്റെ നീണ്ട നാവ്. കച്ചവടക്കാരന്റെ വളഞ്ഞബുദ്ധി.

ആ സങ്കരസൃഷ്ടിയുടെ നേർക്ക് അജ്ഞാതമായൊരു ആദരവോടെ നോക്കിയിട്ട് ഗുരു ചോദിക്കുകയായി:

"അപ്പോൾ എവിടെയാണാവോ പ്രവർത്തനരംഗം?"

നാലുചുറ്റുമൊന്ന് പാളിനോക്കിയിട്ട് സത്വം താഴ്ന്ന ശബ്ദത്തിൽ എന്തോ പറഞ്ഞു.

അവർ ഉൾമുറിയിലേക്കു നടന്ന് പുൽപ്പായകളിൽ ഇരുന്നു. ആശ്രമകുടീരമാകെ മറുനാടൻ വാസനദ്രവ്യത്തിന്റെ മണം പരന്നു. സത്വം കൈയിലിരുന്ന പെട്ടിതുറന്ന് ചുവന്ന പട്ടിൽപൊതിഞ്ഞ ഒരു കെട്ട് ഗുരുവിന്റെ കാൽക്കൽ വച്ചു.

"എന്താത് കുട്ട്യോളേ?" ഗുരു ചോദിച്ചു.

"അന്ന് പഠിത്തം കഴിഞ്ഞ് പോകുമ്പോൾ കാര്യമായ ഗുരുദക്ഷിണയൊന്നും തരാൻ പറ്റിയില്ല. പിന്നെ അന്ന് ഞങ്ങൾക്ക് അതിനുള്ള കഴിവുണ്ടായിരുന്നില്ലെന്ന് വക്യാ. ഇപ്പൊ അതൊക്കെ ഞങ്ങള് കൂട്ട്യാൽ കൂടുന്നതേ ഉള്ളൂ. പിന്നെ ഇതൊക്കെ ഒഴിവാക്കാൻ വയ്യാത്ത ചിട്ടവട്ടങ്ങൾതന്നെ എന്ന് പുരാണങ്ങളിൽ എഴുതിവച്ചിട്ടുണ്ടല്ലോ. അതോണ്ട് ഞങ്ങളുടെ വകയായി ചെറിയൊരു ദക്ഷിണ. വൈകിയതിന് ക്ഷമാപണം. അങ്ങ് ഇത് സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണം."

ഗുരുജി കെട്ടഴിച്ച് നോക്കി. പുറകിൽ ഗുരുപത്നിയുടെ കണ്ണുകൾ വിടർന്നു.

"അയ്യോ ആശ്രമത്തിനെന്തിനാ പൊന്നും പണോം?"

"അവിടുന്ന് അങ്ങനെ പറയരുത്. എല്ലാ നല്ല കാര്യങ്ങൾക്കും കൈയയച്ച് സംഭാവന കൊടുക്കുന്നവരാണ് ഞങ്ങള്."

"പക്ഷേ, ഇതോണ്ട് ഞാനെന്ത് ചെയ്യാനാണ് കുട്ട്യോളേ?"

"അല്ലാ, പറയണത് തീരെ ശരിയല്ലാന്നറിയാം. എന്നാലും ചെറിയൊരു നിർദേശം വയ്ക്ക്യാണ്. ഇതോണ്ട് ഇവടെ ഗവേഷണ വിദ്യാർഥികൾക്കായി ഒരു കസേര. നല്ല കടഞ്ഞെടുത്ത ഈട്ടികൊണ്ടുള്ള ഒരു കറുത്ത കസേര."

"എന്നിട്ട്?"

"ആ കറുകറുത്ത കസേരയിൽ ഇരുന്ന് അയാൾ കഠിനമായി ഗവേഷണം നടത്തട്ടെ."

"എന്തിനെപ്പറ്റി?" ഗുരുജി കൂട്ടുപുരികമുയർത്തി: "മുമ്പിൽ കിടക്കുന്ന കറുകറുത്ത വഴികളെപ്പറ്റിയോ?"

"എന്നു ഞങ്ങള് പറഞ്ഞില്ലല്ലോ ഗുരുജീ." സത്വം ചിരിച്ചു: "ഇവിടന്ന് ബിരുദവുമെടുത്ത് ഒരു തൊഴിലുമില്ലാതെ എത്രപേരാണ് വെറുതെ തെക്കുവടക്ക് നടക്കുന്നത്. അതുകൊണ്ട് ഗുരുകുലവിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുന്നതിനെപ്പറ്റി ഗവേഷണം അത്യാവശ്യമായിത്തീർന്നിരിക്കുന്നു." സത്വം നേതാവിന്റെ മുഴങ്ങുന്ന ശബ്ദത്തിൽ പറയുകയായിരുന്നു.

സത്വം തുടർന്നു:

"അല്ലെങ്കിൽത്തന്നെ ഞങ്ങളെ കണ്ണും കാതും തെളിയിച്ച ഈ സ്ഥാപനത്തോട് ഞങ്ങൾക്കൊരു കടപ്പാടുമില്ലേ? അവിടുന്ന് കാണിച്ചുതന്ന വഴിയിലൂടെ പോയല്ലേ ഞങ്ങളിവിടംവരെ എത്തിയത്?"

"ഞാൻ കാട്ടിത്തന്ന വഴികളോ!" ഗുരുവിന് അതിശയമായി: "അത്രയ്ക്ക് പ്രയോജനകരമായ ഏത് വഴികളാ ഞാൻ കാട്ടിത്തന്നത് കുട്ട്യോളേ?"

"അതേ ഗുരുജീ." സത്വത്തിന്റെ മുഖത്ത് വലിയ ഗൗരവമായി. നേതാവിന്റെ ശബ്ദം പൊങ്ങി. അദൃശ്യരായ ആയിരക്കണക്കിന് ജനങ്ങളോടെന്നോണം കൈ ഉയർത്തി പറയുകയായി: "ഏതെല്ലാം മഹദ് വചനങ്ങൾ... ഞെട്ടില്ലാ വട്ടയില, കാളകിടക്കും കയറോടും, മുറ്റത്തെ ചെപ്പിന് അടപ്പില്ല, ആനകേറാമല ആടുകേറാമല... അങ്ങനെ എന്തൊക്കെ പഠിച്ചിരിക്കണു ഞങ്ങള്."

അതൊക്കെ കേട്ട് നിറഞ്ഞ മനസ്സുമായി, കണ്ണുകളടച്ച് ഗുരുജി ഇരുന്നു.

"ഞാൻ നിങ്ങൾക്ക് ഒരുപാട് നല്ല കാര്യങ്ങള് പറഞ്ഞുതന്നിരിക്കണു, അല്ലേ കുട്ട്യോളേ."

"ഓ, അത്... പിന്നല്ലാണ്ട്." സത്വം തലചൊറിഞ്ഞ് ഒരു ചിരി ചിരിച്ചു.

"ആട്ടെ, എനിക്ക് പ്രാർഥനേടെ സമയമായി." ഗുരു എഴുന്നേറ്റു. കൈ ഉയർത്തി ഒരിക്കൽക്കൂടി അനുഗ്രഹിച്ചു. "നിങ്ങൾക്ക് നല്ലതു വരട്ടെ. ഒരു പക്ഷേ, ഭാവിയിൽ എനിക്ക് നിങ്ങടെ ആവശ്യം വന്നേക്കാം. ഇവിടത്തെ വിസിറ്റിങ് ഫാക്കൽറ്റിയിലേക്ക്. വിരോധമില്ലല്ലോ. ഒഴിവുള്ളപ്പോൾ മതി. നിങ്ങൾക്ക് വലിയ തിരക്കാണെന്നറിയാം. വിരോധമില്ലല്ലോ."

"എന്ത് വിരോധം ഹ ഹ ഹ!" പല്ലുകൾ മുഴുവനും പുറത്തുകാട്ടി സത്വം ചിരിച്ചു:

"അതൊരു മഹാഭാഗ്യമല്ലേ."

പിന്നീട് യാത്രപറഞ്ഞ് സത്വം കെട്ടുവള്ളം പോലത്തെ മറുനാടൻ കാറിലേക്ക് കയറുമ്പോൾ ഗുരുജിയുടെ മനസ്സിൽ ഒരേയൊരു ചിന്തയേ ഉണ്ടായിരുന്നുള്ളൂ:

ഗുരുകുലവിദ്യാഭ്യാസത്തെ തികച്ചും തൊഴിലധിഷ്ഠിതമാക്കാൻ കാര്യമായ ഗവേഷണം തന്നെ വേണ്ടിയിരിക്കുന്നു. തന്റെ ഇപ്പോഴത്തെ സിലബസ്സിൽ അതിനായി ഒരുപാട് മാറ്റങ്ങൾ വരുത്തേണ്ടിവന്നേക്കും. അല്ലെങ്കിൽ ഭാവിയിൽ കുട്ടികളെ കിട്ടാൻതന്നെ വലിയ ബുദ്ധിമുട്ടായിരിക്കും. വെറും ബിരുദങ്ങൾ ആർക്കുവേണമിപ്പോൾ? തന്റെ പ്രിയംകരരായ ശിഷ്യന്മാർ തിരഞ്ഞെടുത്തതുപോലെ നാടിനും നാട്ടാർക്കും പ്രയോജനകരങ്ങളായ ഒട്ടേറെ വഴികൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇത് പ്രൊഫഷണൽ കോഴ്സുകളുടെ കാലമാണല്ലോ.

ഗുരു മഹേഷ്പ്രസാദ്ജി ചിന്താഭാരവുമായി ഉൾമുറിയിലേക്കു വലിഞ്ഞു.

**സമ്പൂർണകഥകൾ, വാല്യം : 2**

- "ഗുരുകുലവിദ്യാഭ്യാസത്തെ തികച്ചും തൊഴിലധിഷ്ഠിതമാക്കാൻ കാര്യമായ ഗവേഷണം തന്നെ വേണ്ടിയിരിക്കുന്നു. തന്റെ ഇപ്പോഴത്തെ സിലബസ്സിൽ അതിനായി ഒരുപാട് മാറ്റങ്ങൾ വരുത്തേണ്ടി വന്നേക്കും. അല്ലെങ്കിൽ ഭാവിയിൽ കുട്ടികളെ കിട്ടാൻതന്നെ വലിയ ബുദ്ധിമുട്ടായിരിക്കും." വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണം വിശദമാക്കുക.
- ഞെട്ടില്ലാ വട്ടയില, കാള കിടക്കും കയറോടും തുടങ്ങിയ 'മഹദ്വചനങ്ങളാണ്' ശിഷ്യർ ഗുരുകുലത്തിൽ നിന്നു പഠിച്ചതെന്നു പറയുന്നു. ഇതിനു പിന്നിലെ പരിഹാസം വിവരിക്കുക.
- ഗുരുവിന്റെയും ശിഷ്യന്മാരുടെയും സംഭാഷണഭാഷയിൽ കഥാകൃത്ത് വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾ ശ്രദ്ധിക്കുക. പാത്രസ്വഭാവം വെളിപ്പെടുത്തുന്നതിന് ഇത് എങ്ങനെ സഹായകമാവുന്നു?
-
  - "അന്ന് പഠിത്തം കഴിഞ്ഞ് പോകുമ്പോൾ കാര്യമായ ഗുരുദക്ഷിണയൊന്നും തരാൻ പറ്റിയില്ല. പിന്നെ അന്ന് ഞങ്ങൾക്ക് അതിനുള്ള കഴിവുണ്ടായിരുന്നില്ലെന്ന് വക്യാ. ഇപ്പൊ അതൊക്കെ ഞങ്ങള് കൂട്ട്യാൽ കൂടുന്നതേ ഉള്ളൂ. പിന്നെ ഇതൊക്കെ ഒഴിവാക്കാൻ വയ്യാത്ത ചിട്ടവട്ടങ്ങൾതന്നെ എന്ന് പുരാണങ്ങളിൽ എഴുതിവച്ചിട്ടുണ്ടല്ലോ."
  - "എല്ലാ നല്ല കാര്യങ്ങൾക്കും കൈയയച്ച് സംഭാവന കൊടുക്കുന്നവരാണ് ഞങ്ങള്."
  - "ഇവിടന്ന് ബിരുദവുമെടുത്ത് ഒരു തൊഴിലുമില്ലാതെ എത്രപേരാണ് വെറുതെ തെക്കുവടക്ക് നടക്കുന്നത്. അതുകൊണ്ട് ഗുരുകുലവിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുന്നതിനെപ്പറ്റി ഗവേഷണം അത്യാവശ്യമായിത്തീർന്നിരിക്കുന്നു."

  സത്വം എന്ന കഥാപാത്രത്തിന്റെ വ്യക്തിത്വപരമായ പ്രത്യേകതകൾ വെളിപ്പെടുത്തുന്ന ചില ഭാഗങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. കഥാപാത്രനിരൂപണം തയാറാക്കുക.
- "ഏഴെട്ടു കാശിന്റെയുന്മദത്തള്ളലേ,
  പാഴുറ്റ നിൻ തല താഴില്ലെന്നോ!"

  'മഗ്ദലനമറിയത്തിൽ' കവി നടത്തുന്ന ഈ വിലാപത്തിന്റെ എന്തെല്ലാം അവസ്ഥാന്തരങ്ങളാണ് 'ഗുരുകുലം' എന്ന കഥയിൽ സേതു ചിത്രീകരിച്ചിട്ടുള്ളത്?



# 1 അന്നവിചാരം മുന്നവിചാരം

മഹാപണ്ഡിതനായ തിരുവള്ളുവർ മരണത്തോടടുത്ത സമയം. പ്രിയപത്നിയെ അരികെ വിളിച്ച് അദ്ദേഹം ഇപ്രകാരം പറഞ്ഞു:

"ഭവതി ഇത്രയും കാലം എന്നെ എത്രയും സ്നേഹത്തോടെ പരിചരിച്ചു. ഞാൻ എന്ത് അനുഗ്രഹമാണ് നൽകേണ്ടത്?"

"എനിക്ക് എല്ലായ്പ്പോഴും അങ്ങയുടെ അനുഗ്രഹം ഉണ്ടായിരുന്നല്ലോ."

"ഭവതിക്ക് എന്തെങ്കിലും അറിയണമെന്ന് ആഗ്രഹമുണ്ടോ?"

"ഭഗവൻ, ഏറെക്കാലമായി എന്റെ മനസ്സിൽ ഒരു സംശയം കുടികൊള്ളുന്നുണ്ട്. അങ്ങ് ഭക്ഷണം കഴിക്കുമ്പോൾ സമീപത്ത് ഒരു പാത്രത്തിൽ വെള്ളവും ഒരു സൂചിയും എല്ലായ്പ്പോഴും കരുതിയിരുന്നത് എന്തിനാണ്?"

തിരുവള്ളുവർ പറഞ്ഞു:

"ഭവതി ആഹാരം വിളമ്പുന്നതും ഞാൻ അത് കഴിക്കുന്നതും അങ്ങേയറ്റം ശ്രദ്ധയോടെയാണെന്ന് എനിക്കറിയാം. എങ്കിലും, എന്തെങ്കിലും കാരണവശാൽ ഒരു വറ്റ് പാത്രത്തിനു വെളിയിൽ വീഴുകയാണെങ്കിൽ അത് മണ്ണുപുരളാതെ കുത്തിയെടുക്കാനാണ് സൂചി; കഴുകിയെടുക്കാനാണ് വെള്ളം."

- ഈ കഥ എന്തൊക്കെ ചിന്തകളാണു നിങ്ങളിൽ ഉണർത്തുന്നത്?

# അന്നവിചാരം

കുറ്റിപ്പുഴ കൃഷ്ണപിള്ള



'**അ**ന്നവിചാരം മുന്നവിചാരം' എന്നാണല്ലോ പഴഞ്ചൊല്ല്. ഈ വിചാരത്തിന് ശക്തി കൂടിവരുന്ന കാലമാണിത്. ജനപ്പെരുപ്പവും ഭക്ഷ്യക്ഷാമവും അത്രയ്ക്ക് ദുസ്സഹമായിത്തീർന്നിരിക്കുന്നു. ഇന്ന് എല്ലാവരിലും മുന്നിട്ടുനിൽക്കുന്നത് ഈ വിചാരമാണ്. വൈദികകാലത്തെ ആര്യന്മാർ അന്നവിചാരത്തിന് സർവപ്രാധാന്യം കൽപിച്ചിരുന്നു. അന്നത്തെ മഹർഷിമാർ പോലും അന്നവിചാരം നടത്തിയിട്ടേ ആത്മവിചാരത്തിലേർപ്പെട്ടിരുന്നുള്ളൂ. ഭക്ഷ്യോൽപാദനത്തിനാവശ്യമായ കൃഷിവൃത്തി ഋഗ്വേദത്തിൽ പ്രത്യേകിച്ചും സംസ്തുതമായിട്ടുണ്ട്. അന്നം കൊണ്ട് ശരീരപോഷണം സാധിച്ചില്ലെങ്കിൽ ആത്മാവിന്റെ കാര്യം തകരാറിലാവുമെന്ന് അക്കാലത്തെ തത്ത്വചിന്തകന്മാർക്കും അറിയാമായിരുന്നു. അന്നവിചാരത്തിലധിഷ്ഠിതമായ ഒരു തത്ത്വശാസ്ത്രംതന്നെ ഉപനിഷത്തുക്കളിൽ പ്രതിഫലിച്ചിട്ടുണ്ട്. അതനുസരിച്ച് അന്നമെന്നു പറയുന്നത് സാക്ഷാൽ ബ്രഹ്മം തന്നെയാണ്. അന്നത്തെ ബ്രഹ്മമായി അറിയുക (അന്നം ബ്രഹ്മേതി വ്യജാനാത്) എന്ന് തൈത്തിരീയോപനിഷത്തിൽ പറഞ്ഞിരിക്കുന്നു. 'അഹം ബ്രഹ്മ' എന്ന വാക്യത്തിന് സമാനമായി 'അഹമന്നം' എന്ന സൂക്തിയും കാണാം. അന്നത്തിൽ നിന്നുതന്നെയാണ് ഈ ജീവജാലങ്ങൾ ജനിക്കുന്നതും ജീവിക്കുന്നതും (അന്നാദ്ധ്യേവ ഖല്വിമാനി ഭൂതാനി ജായന്തേ; അന്നേന ജാതാനി ജീവന്തി) എന്ന് തൈത്തിരീയോപനിഷത്ത് പഠിപ്പിക്കുന്നു. 'യതോ ഇമാനി ഭൂതാനി ജായന്തേ യേന ജാതാനി ജീവന്തി' എന്നു ബ്രഹ്മത്തെപ്പറ്റിയും ഇതുതന്നെയാണ് പറയുന്നത്. അങ്ങനെ അന്നംതന്നെ ബ്രഹ്മമെന്ന ആശയം സംശയാതീതമാക്കിയിരിക്കുന്നു. 'അന്നാദ് ഭവന്തി ഭൂതാനി' എന്ന് ഗീതയിലും ഉണ്ട്. വസ്ത്രങ്ങളും പശുക്കളും അന്നപാനങ്ങളും വേണ്ടുവോളം ലഭിക്കട്ടെ (വാസാംസി മമ ഗാവശ്ച അന്നപാനാദി സർവദാ) എന്നായിരുന്നു പ്രാചീനാചാര്യന്മാരുടെ നിത്യപ്രാർഥന. അന്നത്തെ നിന്ദിക്കരുത് (അന്നം ന നിന്ദ്യാത്), ഏതെങ്കിലും വിധത്തിൽ അന്നം ധാരാളം സമ്പാദിക്കണം (യയാകയാ ചവിധയാ ബഹ്വന്നം പ്രാപ്നുയാത്), അന്നം സമൃദ്ധമായി ഉൽപാദിപ്പിക്കുക (അന്നം

ബഹുകുർവീത) ഇത്യാദി ഉപനിഷദ്വാക്യങ്ങളും പ്രാചീനർക്ക് അന്നം ഏറ്റവും വലിയ ജീവിതമൂല്യമായിരുന്നുവെന്നതിന് ഉദാഹരണങ്ങളാണ്. നമുക്കൊന്നിച്ചിരുന്നു ഭക്ഷിക്കാം (സഹനൗ ഭുനക്തു) എന്ന മന്ത്രം സമൂഹക്ഷേമത്തിനുതകണം നമ്മുടെ ഭക്ഷ്യസമ്പത്തെന്നും സൂചിപ്പിക്കുന്നു.

രണ്ടായിരം കൊല്ലത്തെ പഴക്കമുള്ള കൗടല്യന്റെ അർഥശാസ്ത്രത്തിൽ അന്നോൽപാദനത്തിനുവേണ്ട കൃഷിയെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. കൃഷിവൃത്തിയുടെ സാമൂഹികമായ അടിസ്ഥാനവും സ്വഭാവവും ആണ് അതിൽ ആചാര്യൻ സ്വീകരിച്ചിരിക്കുന്നത്. ഇന്ന് വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ നവീനഭൂനിയമങ്ങളെ എതിർക്കുന്ന സമൂഹവിരുദ്ധന്മാർ അക്കാലത്തെ കാർഷികവ്യവസ്ഥകൾ അറിഞ്ഞിരിക്കേണ്ടതാണ്. രാജാവിന്റെ ആധിപത്യത്തിലാണെങ്കിലും അന്ന് ഗ്രാമങ്ങളിൽ ജനസംഘങ്ങളുടെ നേതൃത്വത്തിലുള്ള സ്വതന്ത്രഭരണം നിലവിലുണ്ടായിരുന്നു. കൃതക്ഷേത്രങ്ങൾ - തെളിച്ചെടുത്ത വിളനിലം - എന്നും അകൃതക്ഷേത്രങ്ങൾ എന്നും കൃഷിസ്ഥലങ്ങളെ രണ്ടായി വിഭജിച്ചിരുന്നു. അകൃതക്ഷേത്രങ്ങളെ കൃതക്ഷേത്രങ്ങളാക്കുന്നവർക്ക് അവയുടെ അവകാശം നിയമപ്രകാരം സിദ്ധിക്കും. കൃഷിചെയ്യാത്തവരുടെ കൈവശമുള്ള ഭൂമി ഒഴിപ്പിച്ചെടുത്ത് കൃഷിക്കാർക്കു കൊടുക്കണമെന്നതാണ് മറ്റൊരു വ്യവസ്ഥ. കൃഷിക്കായി ഭൂമി ഏറ്റുവാങ്ങിയിട്ട് അതു ചെയ്യാതിരുന്നാൽ നഷ്ടം കൊടുക്കണം. ഈ നഷ്ടത്തിന് അപഹീനമെന്നാണ് പേര്. വിളവർധിപ്പിക്കാനുള്ള സഹായധനത്തിന് അനുഗ്രഹമെന്നും കേടുതീർക്കാനുള്ളതിന് പരിഹാരമെന്നും പേരുപറഞ്ഞിരുന്നു. കൃഷിക്കുവേണ്ടി ഭൂമി വിട്ടുകൊടുക്കാത്ത ക്ഷേത്രികൻ (ഭൂസ്വാമി) ശിക്ഷാർഹനാണ്. പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ കർഷകനെ അറസ്റ്റുചെയ്തുകൂടാ. വെള്ളം കെട്ടിനിൽക്കുന്ന പൊതുചിറ വെട്ടിത്തുറക്കുന്ന ഗ്രാമദ്രോഹിയെ വെള്ളത്തിലിട്ടു മുക്കിക്കൊല്ലണം. മേച്ചിൽസ്ഥലം തീയിട്ടു നശിപ്പിക്കുന്നവനെ തീയിലിട്ടുകൊല്ലണം. ഈവക കർശനനിയമങ്ങളും അന്നു നടപ്പുണ്ടായിരുന്നു. ഉഴവുചാൽ തൊട്ടു സത്യം ചെയ്യുന്ന സമ്പ്രദായവും ഗ്രാമീണർ അനുഷ്ഠിച്ചിരുന്നു. കൃഷി എത്രമാത്രം ശുദ്ധവും ശ്രേഷ്ഠവും ജീവദായകവുമായ ഒരു തൊഴിലായി അന്നു ഗണിക്കപ്പെട്ടിരുന്നുവെന്ന് ഇതിൽ നിന്നൊക്കെ തെളിയുന്നുണ്ടല്ലോ.

**കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ**

- ❍ അന്നത്തെ ബ്രഹ്മമായി അറിയുക.
  ❍ അന്നം ഔഷധമാണ്.
  ❍ അന്നത്തെ നിന്ദിക്കരുത്.

  ഇത്തരം ആപ്തവാക്യങ്ങളുടെ അർഥവ്യാപ്തി പരിശോധിക്കുക.
- കൃഷിഭൂമിയെ കൃഷിഭൂമിയായി നിലനിർത്താനും പുതിയ കൃഷിഭൂമികൾ തെളിച്ചെടുക്കാനും പണ്ടു വ്യവസ്ഥയും പ്രോത്സാഹനവും ഉണ്ടായിരുന്നു.
  ❍ ''കൃഷി ചെയ്യാത്തവരുടെ കൈവശമുള്ള ഭൂമി ഒഴിപ്പിച്ചെടുത്ത് കൃഷിക്കാർക്ക് കൊടുക്കണം.''
  ❍ "പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ കർഷകനെ അറസ്റ്റുചെയ്തുകൂടാ."
  ❍ "പൊതുചിറ വെട്ടിത്തുറക്കുന്ന ഗ്രാമദ്രോഹിയെ വെള്ളത്തിലിട്ടു മുക്കിക്കൊല്ലണം."

  ഇത്തരം പൗരാണികനിയമങ്ങളുടെ അടിസ്ഥാനത്തിൽ സമകാലിക കാർഷികരംഗത്തെ വിലയിരുത്തുക.

അന്നവും വിപണിയിലെ ഒരു പ്രധാന ഉൽപന്നമായി മാറിയോ?

# മോരിന്റെ പര്യായം

വി.കെ.എൻ.

മുന്തിയ മീനും ഇറച്ചിയും കറി-പൊരിരൂപത്തിൽ കിട്ടുന്ന സ്ഥലം എന്ന ശ്രുതിക്കു പുറത്താണ് ഉച്ചയുടെ നിറുകിൽ ഹാജി തുറമുഖപട്ടണത്തെ പേരുകേട്ട ഹോട്ടലിൽ കയറുന്നത്. അല്ലാതെ ചോറു പയിക്കാൻ വേറെ ഇടമില്ലാഞ്ഞിട്ടല്ല. മുറ്റംപോലെ വിശാലമായ തീൻശാലയിൽ പ്രസിഡന്റ് പ്രവേശിക്കുമ്പോൾ അവിടം നിറയെ ജനമായിരുന്നു. ഏകാഗ്രമായി ഭക്ഷണത്തെ ഉരുട്ടിയും തട്ടിയും വിടുന്നു വിശപ്പാളർ. പൊരിഞ്ഞ തീറ്റ, ഹാജി വിചാരിച്ചു, ഇവര് ഇച്ചേല്ക്ക് ഹലാക്കിന്റെ തീറ്റ തിന്നുകയാണെങ്കിൽ ഇച്ചിരീം നേരംകൂടി കഴിയുമ്പോഴേക്കും വേറെ മനിസമ്മാർക്ക് മണത്തുനോക്കാൻ ബല്ലതും ബാക്കിയാവുമോ? കസ്റ്റിയാണ്. അതുകൊണ്ടു പൊതുവായ പെരുംതീറ്റ ബഹുദൂരം പുരോഗമിക്കുന്നതിനുമുമ്പ് ഒരു മൂലയ്ക്കു പോയി കുത്തിയിരുന്ന് ഞമ്മക്കു ബേണ്ടത് വാമൊഴിയിൽ പറയുകതന്നെ.



മൂലയിൽ ഒഴിഞ്ഞ ഒരു മേശയ്ക്കു പിറകിൽ ഹാജി പോയി കുത്തിയിരുന്നു. കളസവും തൊപ്പിയിൽ കോഴിത്തൂവലുമണിഞ്ഞ വിളമ്പുകാർ തീൻപണ്ടങ്ങൾ നിറച്ച പാത്രവുമായി തുറുക്ക തലങ്ങും വിലങ്ങും പാച്ചിലായിരുന്നു. ആരും തന്റടുത്തേക്ക് വരില്ലേ? ഒച്ച വെക്കണോ? വെക്കാൻ തൊണ്ട തെളിച്ചുകൊണ്ടിരുന്നപ്പോൾ ഒരുവൻ തന്നെ ലാക്കാക്കി വരുന്നതു ഹാജി കണ്ടു. സാധാരണ വിളമ്പുകാരനല്ല. കളസവും കുപ്പായവുമിട്ടു കഴുത്തിൽ ടൈകൂടി കെട്ടിയിരിക്കുന്ന ഒരു മാന്യൻ. സുന്ദരക്കുട്ടപ്പൻ, മൈനർ. കൈയിൽ പുസ്തകവും പെൻസിലുമുണ്ട്. ഹോട്ടലിന്റെ ഉടമസ്ഥനായിരിക്കുമോ? എങ്കിൽ പസ്റ്റ്. ഊണുകഴിഞ്ഞു കുടിക്കാൻ കടുപ്പത്തിൽ ഒരു ചായ കൂട്ടാൻ പറയണം. മുതലാളിക്കുട്ടന്റെ കൈയോണ്ടു തന്നെ. പത്തു പൈസ അധികമായാലും തരക്കേടില്ല. എങ്കിലും ഈ നട്ടപ്പൊരിച്ചൂടിന് ഈയാൾ കഴുത്തിൽ ശീലമുറുക്കി കെട്ടേണ്ടിയിരുന്നില്ലെന്നു ഹാജിക്കു തോന്നി. എന്തിനാണ് ഈ ബേഷം? ഏതു പടച്ചവനെ ബോധിപ്പിക്കാനാണ്? ഉടുത്ത തുണി അഴിച്ചിട്ടാൽത്തന്നെ ഉഷ്ണം ബാക്കിയാണ്. എന്നിട്ടാണു കുപ്പായത്തിനു ചുറ്റും കറുത്ത നാട കൊണ്ടൊരു കെട്ട്. നാടൻ മുതലാളിയാണെങ്കിലും ഇതു വേണ്ടിയിരുന്നില്ലെന്നു ഹാജിക്കു തോന്നി. അൽപമായി ഈറയും വന്നു.

വേഷം ഹാജിക്കു മുന്നിൽ വന്നു. നടുവിൽ നിന്നു മുന്നോട്ടു കുനിഞ്ഞു ഭവ്യതയോടെ ചോദിച്ചു:

“ലഞ്ച്, സർ?”

ഹാജിക്കു തീരെ രുചിച്ചില്ല. ഇതിനൊക്കെ പുറമെ ഇംഗ്ലീഷും. മുതലാളിതന്നെയായാലും ഇവനെ വെറുതെ വിട്ടുകൂടാ.

വലിച്ചിരുന്ന ചുരുട്ടിൽനിന്ന് ഒരു കൊച്ചു മേഘം പുക ഹാജി പുറത്തുവിട്ടു. അടുത്ത മേശപ്പുറത്തിരുന്ന ആഷ്ട്രേ ചൂണ്ടി വേഷ ത്തോടു പറഞ്ഞു:

"ആ പാത്രം എടുത്താട്ടെ."

മൈനറുടെ മുഖം ഖണ്ഡശഃ മങ്ങുന്നതു കണ്ട പ്പോൾ ഹാജിക്ക് ആദ്യത്തെ ഉരുള ചോറുപ യിച്ച സുഖം തോന്നി. വേഷം മുന്നിൽ വച്ച ആഷ്ട്രേയിൽ ചുരുട്ടു കുത്തിക്കെടുത്തി ക്കൊണ്ടു പ്രശസ്തൻ ചോദിച്ചു:

"ചോറ്ണ്ടോഡോ?"

"ഉണ്ട്."

(ആശ്വാസമായി. ഹമ്ക്കിനു മലയാളവുമറി യാം. പടച്ചവന്റെ നാമം വാഴ്ത്തപ്പെടട്ടെ!)

ക്രോസ് തുടർന്നു:

"മീന്ണ്ടോ?"

"ഉണ്ട്."

"പൊരിച്ചതോ ബെച്ചതോ?"

"രണ്ടുമുണ്ട്."

"പസ്റ്റ്. എറച്ചിക്കറി?"

"ഉണ്ട്."

"ആടോ കോയ്യോ"

"രണ്ടുമുണ്ട്."

"കൊറ്റനോ പെട്ട്യോ?"

മൈനർ വിഷമിച്ചപ്പോൾ ഹാജിക്ക് അലിവു തോന്നി: "എന്നാ എയ്തിക്കോ. ഒരു മീൻ പൊരിച്ചത്. ഒരെറച്ചിക്കറി, കൊറ്റന്റെ. ഒരു ചോറ്. പതിവുള്ള സാമാനം ബേറേം."

വേഷം എഴുതിയില്ല. കൽപന മനപ്പാഠമാ ക്കിയപോലെ തിരിച്ചുപോയി. അതും ഹാജിക്കു പിടിച്ചില്ല. പിന്നെന്തിനാ ഓൻ പുസ്തകോം പെൻസിലുംകൊണ്ടു നടക്കണ്? മനക്കണക്ക് എയ്താനോ? ജ്ജ് അനങ്ങാണ്ടു നിക്ക് മൊതലാളിക്കുട്ട്യേയ്. അനക്ക് ബെച്ചിട്ടുണ്ട്.

ഇര തിരിച്ചുവരുന്നതു കാത്തിരുന്ന ഹാജിക്ക് ചോറും കറിയും വന്നപ്പോൾ പിന്നേയും തോന്നി നിരാശ. സാധനങ്ങൾ വഹിച്ചു വന്നതു വേഷമായിരുന്നില്ല. കളസവും കോഴി ത്തൂവലുമണിഞ്ഞ സാധാരണവിളമ്പുകാരിൽ ഒരുവനായിരുന്നു.

അവൻ വിശിഷ്ടഭോജ്യങ്ങൾ മേശപ്പുറത്തു നിരത്തുമ്പോൾ ഹാജി ചോദിച്ചു:

"മറ്റേ ചങ്ങായി എവടെപ്പോയെടോ?"

"ആര്?"

"കവുത്തിലു തുണിനാട കെട്ടിയ ചങ്ങായി."

മനസ്സിലായില്ലെന്നു വിളമ്പൻ നോക്കിയ പ്പോൾ ഹാജി പറഞ്ഞു:

"തെന്നേടോ, പുസ്തകോം പെൻസലും കൊണ്ടു നടക്കണ ആ മുതലാളിക്കുട്ടി."

വിളമ്പൻ ചിരിച്ചു:

"അയാൾ മുതലാളിയല്ല ഹാജിൻ!"

"പിന്നാരാ?"

"സ്റ്റുവർഡ്."

"മലയാളത്തി പറയെഡോ."

"മാന്യർക്കു വേണ്ട ഭക്ഷണം സ്തോത്രരൂപ ത്തിൽ എഴുതിയെടുക്കുന്ന മനുഷ്യ രൂപമാണ്."

"ഓന്റെ പേരെന്താന്നേ പറഞ്ഞ്?"

"സ്റ്റുവർഡ്."

"അനക്കും മീതെള്ളോനാ?"

"അങ്ങനെയാണു വന്നുഭവിക്കുന്നത്."

"ഓൻ പറഞ്ഞിട്ടാ ജ്ജിതൊക്കെ താങ്ങിപ്പി ടിച്ചു കൊണ്ടുവന്നത്?"

"അതെ."

"ഓന്തന്നെ എഴുന്നള്ളിച്ചാ എന്തായിരുന്നു?"

"അങ്ങനെ കീഴ്വഴക്കമില്ല."

താൻ വധിക്കപ്പെട്ടതുമാതിരി തോന്നി ഹാജിക്ക്. ഒരു സാധാരണ ഹോട്ടൽ ത്തൊഴിലാളിയെ മുതലാളിയെന്നു തെറ്റിദ്ധ രിച്ചു. ഇനി അയാളോടു ചായകൂട്ടാൻ പറയു ന്നതിൽ അർഥമില്ലാതായി. അവസാനം ബ്ലീച്ച് തന്റേതുമാത്രമായോ?

ഭക്ഷണസാമഗ്രികളിലൂടെ ക്ഷിപ്രപ്രയാണം നടത്തി അവന്റെ അവസാനം എത്താറായ പ്പോൾ ദൂരെ പടച്ചവൻ നിയോഗിച്ചമാതിരി ഹാളിൽ സ്റ്റുവർഡിനെ ഹാജി ഒരുനോക്കു കണ്ടു. ഉച്ചത്തിൽ വിളിച്ചു:

"ചങ്ങായി!"

വേഷം നോക്കിയപ്പോൾ ഹാജി അയാളെ കൈകാണിച്ചു വിളിച്ച് ശ്ലോകരൂപത്തിൽ കൽപിച്ചു:

“കുറിച്ചെടുത്തോ?”
“എന്ത്?”
“മോരിന് എന്താ ഇംഗ്ലീഷ്ന്ന് ബെച്ചാല് അതൊരു കോപ്പ.”
ഷോക്കേറ്റപോലെ വേഷം മിന്നിമറഞ്ഞു. മോരു വന്നു. പക്ഷേ. കൊണ്ടുവന്നതു വിള മ്പുകാരനായിരുന്നു.
ഹാജി ചോദിച്ചു:
“മറ്റോൻ പറഞ്ഞിട്ടല്ലേ?”
“അതെ.”
“ഓനെബടെ?”
“അകത്തു ശയിക്കുന്നു.”
“എന്തായി?”
“മയ്യത്തായി.”
ഹാജി പറഞ്ഞു:
“ബേണ്ടില്ല. ഇനി ഓനെ പടച്ചോൻ കാക്കും.”

**അതികായൻ**

- ‘മോരിന്റെ പര്യായ’ത്തിൽ സമൂഹത്തിന്റെ ഏതൊക്കെ പുതിയ പ്രവണതകളെയാണ് വി.കെ.എൻ. പരിഹസിക്കുന്നത്? കുറിപ്പെഴുതുക.
- – “മോരിന് എന്താ ഇംഗ്ലീഷ്ന്ന് ബെച്ചാല് അതൊരു കോപ്പ”.
  – ഹാജി ചോദിച്ചു : “മറ്റോൻ പറഞ്ഞിട്ടല്ലേ?”
  “അതെ.”
  “ഓനെബടെ?”
  “അകത്തു ശയിക്കുന്നു”
  എന്തായി?
  “മയ്യത്തായി”

  നാഗരികവും കൃത്രിമവുമായ പുതുസംസ്കാരത്തോട് ഗ്രാമീണസംസ്കൃതി നടത്തുന്ന പ്രതികരണമായി ഹാജിയാരുടെ സംഭാഷണങ്ങളെ വിലയിരുത്താമോ? ചർച്ചചെയ്യുക.
- പ്രാദേശികഭാഷയുടെ പ്രയോഗം ഈ കഥയെ എത്രമാത്രം ആസ്വാദ്യമാക്കുന്നു? വിശ കലനം ചെയ്ത് കുറിപ്പു തയാറാക്കുക.
- കഥാകൃത്തിന്റെ സവിശേഷമായ രചനാവൈഭവത്തിന് ഉദാഹരണമാണ് ‘മോരിന്റെ പര്യായം.’ താഴെ നൽകിയ സൂചനകൾ കൂടി പരിഗണിച്ച് ലഘു ഉപന്യാസം തയാറാക്കുക.
  - ❍ മൈനറുടെ മുഖം ഖണ്ഡശഃ മങ്ങുന്നതു കണ്ടപ്പോൾ ഹാജിക്ക് ആദ്യത്തെ ഉരുള ചോറു പയിച്ച സുഖം തോന്നി.
  - ❍ മാന്യർക്കുവേണ്ട ഭക്ഷണം സ്തോത്രരൂപത്തിൽ എഴുതിയെടുക്കുന്ന മനുഷ്യരൂപമാണ്.
- ❍ “ഇജ്ജ് അനങ്ങാണ്ടു നിക്ക് മൊതലാളിക്കുട്ട്യേ്. അനക്ക് ബെച്ചിട്ടുണ്ട്.”
  ❍ ‘താൻ വധിക്കപ്പെട്ടതുമാതിരി തോന്നി ഹാജിക്ക്. ഒരു സാധാരണ ഹോട്ടൽത്തൊഴി ലാളിയെ മുതലാളിയെന്നു തെറ്റിദ്ധരിച്ചു. ഇനി അയാളോടു ചായകൂട്ടാൻ പറയുന്ന തിൽ അർഥമില്ലാതായി. അവസാനം ബ്ലീച്ച് തന്റേതുമാത്രമായോ?’
  ❍ “ബേണ്ടില്ല. ഇനി ഓനെ പടച്ചോൻ കാക്കും”

  തുടങ്ങിയ സന്ദർഭങ്ങളിൽ തെളിയുന്ന ഹാജി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.
- സ്വന്തം പറമ്പിൽ നിന്നു കിട്ടുന്ന കപ്പ, ചക്ക, മാങ്ങ, പച്ചക്കറികൾ എന്നിവ കൊണ്ടുള്ള തനതായൊരു ഭക്ഷണരീതി നമുക്കുണ്ടായിരുന്നു. തൽസ്ഥാനത്ത് പരസ്യങ്ങളുടെ പിൻബ ലത്തിൽ ഫാസ്റ്റ് ഫുഡുകളും ശീതളപാനീയങ്ങളും മറ്റും ആധിപത്യം സ്ഥാപിക്കുക യാണോ? എന്തെല്ലാം ആരോഗ്യ-സാമ്പത്തികപ്രശ്നങ്ങളാണ് ഇതുവഴി ഉണ്ടാവുന്നത്? ലോകഭക്ഷ്യദിനത്തിന് സ്കൂൾ അസംബ്ലിയിൽ നടത്തുന്നതിനായി പ്രഭാഷണം തയാറാക്കുക.

# അന്നം

**ബാലചന്ദ്രൻ ചുള്ളിക്കാട്**

തൃശ്ശിവപേരൂർ പൂരപ്പറമ്പു കടന്നു ഞാൻ
ഒട്ടിയ വയറുമായുച്ചയ്ക്കു കേറിച്ചെന്നു.
'ഇത്രമാത്രമേ ബാക്കി'യെന്നോതി വൈലോപ്പിള്ളി
ഇത്തിരി ചോറും മോരുമുപ്പിലിട്ടതും തന്നു.
ഞാനുണ്ണുന്നതു നോക്കിനിൽക്കുമ്പോൾ മഹാകവി
താനറിയാതെ കുറച്ചുറക്കെപ്പറഞ്ഞുപോയ്:
"ആരു പെറ്റതാണാവോ പാവമിച്ചെറുക്കനെ,
ആരാകിലെന്ത്? അപ്പെണ്ണിൻ ജാതകം മഹാ കഷ്ടം."

എനിക്കു ചിരി വന്നു; ബാഹുകദിനമുന്തി-
ക്കഴിക്കുമവിടുത്തെജ്ജാതകം ബഹുകേമം!
"കൂടൽമാണിക്യത്തിലെസ്സദ്യ നീയുണ്ടിട്ടുണ്ടോ?
പാടി ഞാൻ പുകഴ്ത്താം, കെങ്കേമമപ്പുളിങ്കറി."
അപ്പൊഴെൻ മുന്നിൽനിന്നു മാഞ്ഞുപോയ് വൈലോപ്പിള്ളി,
മറ്റൊരു രംഗം കണ്ണിൽത്തെളിഞ്ഞു; പറഞ്ഞു ഞാൻ:
"വംഗസാഗരത്തിന്റെ കരയിൽ ശ്മശാനത്തിൽ
അന്തിതൻ ചുടല വെന്തടങ്ങും നേരത്തിങ്കൽ
ബന്ധുക്കൾ മരിച്ചവർക്കന്തിമാന്നമായ് വച്ച
മൺകലത്തിലെച്ചോറു തിന്നതു ഞാനോർക്കുന്നു."
മിണ്ടിയില്ലൊന്നും, ചെന്നു തൻ ചാരുകസാലയിൽ-
ച്ചിന്തപൂണ്ടവിടുന്നു കിടന്നൂ കുറച്ചിട.
ഇന്നെനിക്കറിയാം, അക്കിടപ്പിലുണർന്നില്ലേ
അങ്ങതന്നുള്ളിൽജ്ജഗദ്ഭക്ഷകനാകും കാലം!

**ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ**

- ഭക്ഷണവുമായി ബന്ധപ്പെട്ട ചില സന്ദർഭങ്ങൾ കവിതയിൽ പരാമർശിക്കപ്പെടുന്നുണ്ടല്ലോ.
    - "കൂടൽമാണിക്യത്തിലെസ്സദ്യ നീയുണ്ടിട്ടുണ്ടോ?
      പാടി ഞാൻ പുകഴ്ത്താം, കെങ്കേമമപ്പുളിങ്കറി."
    - "വംഗസാഗരത്തിന്റെ കരയിൽ ശ്മശാനത്തിൽ
      അന്തിതൻ ചുടല വെന്തടങ്ങും നേരത്തിങ്കൽ
      ബന്ധുക്കൾ മരിച്ചവർക്കന്തിമാന്നമായ് വച്ച
      മൺകലത്തിലെച്ചോറു തിന്നതു ഞാനോർക്കുന്നു"

വ്യത്യസ്ത സന്ദർഭങ്ങൾ ചേർത്തുവയ്ക്കുന്നതിലാണ് കവിതയുടെ ശക്തി-ചർച്ചചെയ്യുക.

- ഒട്ടിയ വയറ്, സദ്യ, മോരുമുപ്പിലിട്ടതും തുടങ്ങി ഭക്ഷണവുമായി ബന്ധപ്പെട്ട നിരവധി സൂചനകൾ കവിതയിലുണ്ടല്ലോ. അവ കവിതയുടെ ഭാവതീവ്രത വർധിപ്പിക്കുന്നുണ്ടോ?
- "ബാഹുകദിനമുന്തിക്കഴിക്കുമവിടുത്തെജ്ജാതകം ബഹുകേമം!" - ബാഹുകനെന്ന പുരാണ കഥാപാത്രത്തെക്കുറിച്ചുള്ള സൂചന കാവ്യസന്ദർഭത്തിൽ എങ്ങനെ പ്രസക്തമാവുന്നു?
- ❍ 'നമുക്ക് ഒന്നിച്ചിരുന്ന് ഭക്ഷിക്കാം' (സഹനൗ ഭുനക്തു)
  ❍ 'ഇത്രമാത്രമേ ബാക്കിയെന്നോതി വൈലോപ്പിള്ളി
  ഇത്തിരി ചോറും മോരുമുപ്പിലിട്ടതും തന്നു.'
  ❍ 'ഇവര് ഇച്ചേല്ക്ക് ഹലാക്കിന്റെ തീറ്റ തിന്നുകയാണെങ്കിൽ ഇച്ചിരീം നേരംകൂടി കഴിയുമ്പോഴേക്കും വേറെ മനിസമ്മാർക്ക് മണത്തുനോക്കാൻ ബല്ലതും ബാക്കിയാവുമോ?'

  ഈ സന്ദർഭങ്ങൾ താരതമ്യം ചെയ്ത് ഇവയിലടങ്ങിയിരിക്കുന്ന സാമൂഹികബോധത്തിലെ അന്തരം വിശകലനം ചെയ്യുക.
- 'ജഗദ്ഭക്ഷകനാകും കാലം' എന്ന പ്രയോഗത്തെ 'കാലാഹിനാ പരിഗ്രസ്തമാം ലോകം' എന്ന എഴുത്തച്ഛന്റെ പ്രയോഗവുമായി താരതമ്യം ചെയ്യുക. കാലത്തെ ഇങ്ങനെ വിശേഷിപ്പിക്കാനുള്ള കാരണങ്ങൾ ചർച്ചചെയ്യുക.

# ഗ്രന്ഥകാരന്മാരും കൃതികളും

**ചെറുശ്ശേരി (15-ാം നൂറ്റാണ്ട്)**

എ.ഡി. 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാകവി. എ.ഡി. 1445-75 കാലത്ത് കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമന്റെ സദസ്യനായിരുന്നു. കവിതാവാസനയും പാണ്ഡിത്യവും ഭാവനാസമ്പത്തും ഒത്തിണങ്ങിയ കവി. കൃഷ്ണഗാഥയാണ് പ്രധാന കൃതി. ഭക്തി, ഫലിതം, ശൃംഗാരം എന്നിവയാണ് കൃഷ്ണഗാഥയിൽ നിറഞ്ഞുനിൽക്കുന്നത്.

**വള്ളത്തോൾ നാരായണമേനോൻ**

**(1878 - 1958)**

മലബാറിലെ വെട്ടത്തുനാട്ടിൽ ചേന്നര വള്ളത്തോൾ വീട്ടിൽ ജനിച്ചു. പ്രതിപാദ്യത്തിൽ വൈവിധ്യവും പ്രതിപാദനത്തിൽ വൈചിത്ര്യവും പുലർത്തിക്കൊണ്ട് മഹാകാവ്യം മുതൽ ഭാവഗീതങ്ങൾ വരെ രചിച്ച് മലയാളകവിതയെ സമ്പുഷ്ടമാക്കി. വാല്മീകിരാമായണം, ഋഗ്വേദം, ഭാസന്റെയും കാളിദാസന്റെയും ചില നാടകങ്ങൾ തുടങ്ങി ധാരാളം കൃതികൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തു. ചിത്രയോഗം മഹാകാവ്യം, ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, ശിഷ്യനും മകനും, അച്ഛനും മകളും തുടങ്ങിയ ഖണ്ഡകാവ്യങ്ങൾ, സാഹിത്യമഞ്ജരിയെന്ന പേരിൽ പതിനൊന്നു കവിതാസമാഹാരങ്ങൾ തുടങ്ങിയവയാണ് വള്ളത്തോളിന്റെ പ്രധാന കൃതികൾ. കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. പത്മഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്.

**കുറ്റിപ്പുഴ കൃഷ്ണപിള്ള (1900 - 1971)**

ആലുവായ്ക്കടുത്ത് കുറ്റിപ്പുഴയിൽ ജനിച്ചു. യുക്തിവാദി, സ്വതന്ത്രചിന്തകൻ, നിരൂപകൻ. ശക്തവും വസ്തുനിഷ്ഠവുമായ വിമർശനശൈലിയുടെ ഉടമ.

നവദർശനം, ഗ്രന്ഥാവലോകനം, സ്മരണമഞ്ജരി, വിമർശനവും വീക്ഷണവും, തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, സാഹിതീയം, വിചാരവിപ്ലവം, വിമർശരശ്മി, സാഹിതീകൗതുകം തുടങ്ങിയവയാണു പ്രധാന കൃതികൾ.

**ഡോ.കെ. അയ്യപ്പപ്പണിക്കർ (1930 - 2006)**

ആലപ്പുഴ ജില്ലയിൽ കാവാലത്ത് ജനിച്ചു. ആധുനികകവിതയ്ക്ക് പുതിയ മാനങ്ങൾ നൽകിയ കവി. പൊങ്ങച്ചങ്ങളുടെ നേർക്ക് ആക്ഷേപഹാസ്യത്തിന്റെ കൂരമ്പുകൾ അയയ്ക്കാൻ സമർഥൻ.

അയ്യപ്പപ്പണിക്കരുടെ കൃതികൾ (നാലു ഭാഗങ്ങൾ), ഗോത്രയാനം, അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ, അന്തർസന്നിവേശം തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും സരസ്വതിസമ്മാനും ലഭിച്ചിട്ടുണ്ട്.

**എം.എൻ. വിജയൻ (1930 - 2007)**

കൊടുങ്ങല്ലൂരിലെ ലോകമലേശ്വരത്ത് ജനിച്ചു. അധ്യാപകൻ, ചിന്തകൻ, വാഗ്മി. ചിതയിലെ വെളിച്ചം, എം.എൻ. വിജയന്റെ പ്രഭാഷണങ്ങൾ, വർണങ്ങളുടെ സംഗീതം, കവിതയും മനശ്ശാസ്ത്രവും, ശീർഷാസനം, അടയുന്ന വാതിൽ തുറക്കുന്ന വാതിൽ തുടങ്ങിയവ പ്രധാന കൃതികൾ. കേസരിയുടെ സാഹിത്യനിരൂപണങ്ങൾ, കേസരിയുടെ ലോകങ്ങൾ, നവീനചിത്രകല എന്നിവ എഡിറ്റു ചെയ്തു. കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

**വി.കെ.എൻ. (1932 - 2004)**

(വടക്കേ കൂട്ടാല നാരായണൻകുട്ടിനായർ)

പത്രപ്രവർത്തകൻ, നർമബോധത്തിനു നവീന മാനം നൽകിയ എഴുത്തുകാരൻ. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ആയിരുന്നു. പിതാമഹൻ, അസുരവാണി, ആരോഹണം, ജനറൽ ചാത്തൻസ്, നാണ്വാര്, പെൺപട, സിൻഡിക്കേറ്റ്, വി.കെ.എൻ. കഥകൾ, പയ്യൻകഥകൾ തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ നേടി. കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം ലഭിച്ചു.

**എൻ. മോഹനൻ (1933 - 1999)**

പ്രശസ്ത കഥാകൃത്ത്. കോട്ടയം ജില്ലയിലെ രാമപുരത്ത് ജനിച്ചു. ലളിതാംബിക അന്തർജനത്തിന്റെ മകൻ. അധ്യാപകൻ, ഡയറക്ടർ ഓഫ് കൾച്ചറൽ അഫയേഴ്സ്, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ മാനേജിങ് ഡയറക്ടർ, കേരള സാഹിത്യ അക്കാദമി നിർവാഹക സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. നിന്റെ കഥ(എന്റേയും), എൻ. മോഹനന്റെ കഥകൾ, ദുഃഖത്തിന്റെ രാത്രികൾ, പൂജയ്ക്കെടുക്കാത്ത പൂക്കൾ (കഥാസമാഹാരങ്ങൾ), ഇന്നലെ പെയ്ത മഴ (നോവൽ) എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**സുഗതകുമാരി**

1934-ൽ തിരുവനന്തപുരത്തു ജനിച്ചു. കവയിത്രി എന്നതിനു പുറമെ, സാമൂഹിക പ്രവർത്തനരംഗത്തും പ്രകൃതിസംരക്ഷണ രംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകി. മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, ഇരുൾച്ചിറകുകൾ, രാത്രിമഴ, അമ്പലമണി, തുലാവർഷപ്പച്ച, കുറിഞ്ഞിപ്പൂക്കൾ, കൃഷ്ണകവിതകൾ, രാധയെവിടെ, ദേവദാസി തുടങ്ങിയവ പ്രധാന കവിതാസമാഹാരങ്ങൾ. കാവുതീണ്ടല്ലേ എന്ന ലേഖനസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

**യു.എ. ഖാദർ**

1935-ൽ ബർമയിലെ ബില്ലീൻ എന്ന സ്ഥലത്തു ജനിച്ചു. കഥാകൃത്ത്, നോവലിസ്റ്റ്, ചിത്രകാരൻ. ഉത്തരകേരളത്തിലെ ഗ്രാമീണശൈലിയിൽ ജീവിതചിത്രങ്ങൾ ആവിഷ്കരിക്കാനുള്ള അപൂർവമായ കഴിവ് ഇദ്ദേഹത്തിന്റെ സവിശേഷതയാണ്. ചങ്ങല, ശത്രു, അഘോരശിവം, ഒരു പിടിവറ്റ് തുടങ്ങിയ നോവലുകളും ധന്യ, തൃക്കോട്ടൂർ കഥകൾ, തൃക്കോട്ടൂർ പെരുമ, തൃക്കോട്ടൂർ നോവെല്ലകൾ തുടങ്ങിയ കഥാസമാഹാരങ്ങളുമാണ് പ്രധാന കൃതികൾ. കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**ആർ. വിശ്വനാഥൻ**

1942-ൽ ജനനം. കാലിക്കറ്റ് സർവകലാശാലയിൽ ഇംഗ്ലീഷ് പ്രൊഫസർ ആയിരുന്നു. അവസ്ഥയും ആഖ്യാനവും, അന്വയം (നിരൂപണം), ശിഥിലയാമം (കവിതാസമാഹാരം) എന്നിവയാണു പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**സേതു**

1942-ൽ എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് ജനിച്ചു. കേന്ദ്രഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ ജോലി നോക്കി. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചെയർമാനായി ജോലിയിൽ നിന്ന് വിരമിച്ചു. പാണ്ഡവപുരം, നിയോഗം, കൈമുദ്രകൾ (നോവലുകൾ), ഏഴാം പക്കം, കൈയൊപ്പും കൈവഴികളും (ലഘുനോവലുകൾ), പ്രകാശത്തിന്റെ ഉറവിടം, പാമ്പും കോണിയും, പേടിസ്വപ്നങ്ങൾ, ദൂത്, ഗുരു, യാത്രയ്ക്കിടയിൽ, വെളുത്ത കൂടാരങ്ങൾ, അമ്മു, തിങ്കളാഴ്ചകളിലെ ആകാശം (കഥകൾ), സേതുവിന്റെ സമ്പൂർണകഥകൾ വാല്യം 1, 2 എന്നിവ പ്രധാന കൃതികൾ. കേന്ദ്ര-കേരളസാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**ബാലചന്ദ്രൻ ചുള്ളിക്കാട്**

1957-ൽ എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ ജനിച്ചു. കവി, പത്രപ്രവർത്തകൻ, സീരിയൽ - സിനിമാനടൻ. പതിനെട്ടുകവിതകൾ, ഡ്രാക്കുള, അമാവാസി, ഗസൽ, മാനസാന്തരം, ചിദംബരസ്മരണ തുടങ്ങിയവയാണ് കൃതികൾ.